# ‘സേവാഗ്രാം’

## ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം
## കൈപ്പുസ്തകം


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളങ്കുന്നത്തുകാവ് പി.ഒ., തൃശ്ശൂർ–680 581,

ഫോൺ : 0487-2207000 (ഓഫീസ്)

0487-2201312(ഡയറക്ടർ), 2201062(ഫാക്സ്)

ഇ–മെയിൽ : mail@kilaonline.org

**‘സേവാഗ്രാം’**
**ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം**
**കൈപുസ്തകം**

ആഗസ്റ്റ് 2014

*ചീഫ് എഡിറ്റർ*
**ഡോ. പി.പി. ബാലൻ,**
ഡയറക്ടർ, കില


*എഡിറ്റർ*
**ഡോ. പീറ്റർ. എം. രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

*അസോസിയേറ്റ് എഡിറ്റർമാർ*
**പി.വി.രാമകൃഷ്ണൻ,** എക്സ്റ്റൻഷൻ ഫാക്കൽറ്റി മെമ്പർ, കില
**ഗീതാഞ്ജലി,** ട്രെയിനിംഗ് അസോസിയേറ്റ്, കില

*ഡി.ടി.പി:*
**ശ്രീലത എസ്. മേനോൻ**

*ലേയൗട്ട്&കവർ ഡിസൈനിംഗ്*
**ഉസ്മാൻ കുട്ടോത്ത്**

*പ്രസാധനം*
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളംകുന്നത്ത്കാവ്, തൃശ്ശൂർ. പിൻ– 680 581



“ജനാധിപത്യം മഹത്തായ ഒരു സ്ഥാപനമാണ്, അത് കൊണ്ടുതന്നെ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയും ഏറെയാണ്. അതിനുള്ള പ്രതിവിധി ജനാധിപത്യം ഒഴിവാക്കുകയല്ല, അത് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ ഏറ്റവും കുറക്കുകയാണ്.”

# അവതാരിക

**കേ**രളത്തിലെ അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി നിലകൊള്ളുകയാണ്. പ്രാദേശിക സർക്കാരുകളുടെ ഏറ്റവും മഹത്തായ പ്രത്യേകത അവയുടെ ജനങ്ങളുമായുള്ള അടുപ്പം തന്നെയാണ്. 73,74 ഭരണ ഘടന ഭേദഗതി നമ്മുടെ രാജ്യത്ത് നിലവിൽ വന്നിട്ട് രണ്ട് പതിറ്റാണ്ട് പിന്നിടുന്ന ഈ വേളയിൽ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലേക്ക് ഒരു തിരിഞ്ഞു നോട്ടം ആവശ്യമാണെന്ന് തോന്നുന്നു. നിരവധി വികസന മാതൃകകളെ പൊതുസമൂഹത്തിന് നൽകിയ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഭരണ-വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഇപ്പോഴും പരിമിതമാണ്. ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും നീതിപൂർവ്വമായും സുതാര്യമായും വിനിയോഗിച്ചുകൊണ്ട് മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ജനങ്ങളുടെ വിശ്വാസ്യതയും അംഗീകാരവും നേടാനാകൂ.

വികസനക്ഷേമപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ട് പോകണം. ഭരണഘടനയുടെ പിൻബലമുള്ള ഏറ്റവും ചെറിയ ജനകീയ സംഘടനാസംവിധാനമാണ് ഗ്രാമസഭകൾ. ജനാധിപത്യത്തിന്റെ പ്രത്യക്ഷവേദികളായ ഗ്രാമസഭകളുടെ പ്രവർത്തനം ആശാവഹമല്ല. ഗ്രാമസഭയിലെ ജനപങ്കാളിത്തം, അതിന്റെ സംഘാടനം, തീരുമാനമെടുക്കൽ പ്രക്രിയ എന്നിവയെല്ലാം തന്നെ ജനാധിപത്യപരമായി നടക്കുന്നുവെന്ന് പറയാൻ കഴിയില്ല. വർദ്ധിച്ച ജനസംഖ്യയും ഗ്രാമസഭകൾക്ക് അതാത് വാർഡുകളിൽ ആസ്ഥാനമില്ലാത്തതും ഗ്രാമസഭയുടെ പ്രവർത്തനങ്ങളുടെ പരിമിതികളാണ്. ഗ്രാമത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് അടിത്തട്ടിലെ ജനകീയ സംവിധാനമായ ഗ്രാമസഭകൾ ശക്തിപ്പട്ടേ തീരൂ. പാർശ്വവത്ക്കരിക്കപ്പെട്ടവരുൾപ്പടെ മുഴുവൻ സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പ് വരുത്തിയാൽ മാത്രമേ ജനാധിപത്യപ്രക്രിയ അർത്ഥപൂർണ്ണമാവുകയുള്ളൂ.

ഗ്രാമസഭകളുടെ ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പ്രവർത്തനമാർഗ്ഗരേഖയിൽ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അതത് വാർഡുകളുടെ വികസനക്ഷേമപ്രവർത്തനങ്ങൾ ചർച്ചചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനുമുള്ള വേദികളാണ് ഗ്രാമകേന്ദ്രങ്ങൾ. 'സേവാഗ്രാം'-ഗ്രാമകേന്ദ്രങ്ങൾ എന്നായിരിക്കും ഗ്രാമസഭയുടെ ആസ്ഥാനങ്ങൾ അറിയപ്പെടുക. ഗ്രാമവികസനത്തിൽ രാഷ്ട്രപിതാവിന്റെ ചിന്തകൾ തന്നെയാവണം നമ്മുടെ സേവാഗ്രാം-ഗ്രാമകേന്ദ്രത്തിന്റെയും പ്രവർത്തന തത്വം.

സ്വാശ്രയ-സ്വയംപര്യാപ്ത-സ്വയംനിർണ്ണയാധികാരമുള്ളവയായി ഗ്രാമങ്ങളെ മാറ്റിയെടുക്കാൻ ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് പ്രത്യാശിക്കാം. ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കിലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ.എം.രാജ്, സഹായിച്ച എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ

# ആമുഖം

## ജനാധിപത്യ അധികാരവികേന്ദ്രീകരണം - ഗ്രാമസഭ/വാർഡ്സഭയിൽ നിന്ന് അയൽസഭകളിലേക്കും പ്രാദേശികഭരണത്തിൽ നിന്നും പൗരഭരണത്തിലേക്കും

**ഭ**രണഘടനയുടെ 73-ാം ഭേദഗതിയെ തുടർന്ന് ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ രൂപം കൊ ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ വലിപ്പം, പ്രവർത്തനരീതി എന്നിവയാൽ വൈവിധ്യമുള്ളവയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ വിസ്തൃതിയിലും ജനസംഖ്യയിലും വലുതും, എന്നാൽ ഉത്തരേന്ത്യയിൽ ചെറിയവയുമാണ്. ബീഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ വിസ്തൃതിയും ജനസംഖ്യയും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. 2000 മാണ് ഇവിടങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലെ ശരാശരി ജനസംഖ്യ. പഞ്ചാബിലാണ് ജനസംഖ്യ വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾ ഉള്ളത്. ശരാശരി 1200 ആണ് ഇവിടെ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ പശ്ചിമ ബംഗാൾ, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലെ ശരാശരി ജനസംഖ്യ 5000 മാണ്. ഗ്രാമപഞ്ചായത്തുകൾ വിസ്തൃതിയിലും ജനസംഖ്യയിലും ചെറുതാവുമ്പോൾ ഓരോ ചെറുഗ്രാമത്തിനും ഒരു പ്രാദേശികഭരണകൂടം എന്ന തത്വം പ്രാവർത്തികമാക്കപ്പെടുന്നു. ഇത് സൂക്ഷ്മതല ഭരണത്തിനും ആസൂത്രണത്തിനും ഗ്രാമവികസനത്തിനും ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ഇടപെടലിനും കൂടുതൽ സാധ്യത സൃഷ്ടിക്കുന്നു. ചെറിയ പ്രദേശത്ത് ഒരു ജനപങ്കാളിത്തഭരണകൂടത്തിന്റെ സാന്നിദ്ധ്യവും ഉ ാകുന്നു. ജനങ്ങൾക്ക് ഭരണകൂടത്തിലേക്കുള്ള സാമീപ്യവും പ്രാപ്യതയും വർദ്ധിക്കുകയും ചെയ്യുന്നു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ ശരാശരി 25000 ആണ്. ഇവിടുത്തെ ഒരു വാർഡിന്റെ വലിപ്പമാണ് വടക്കേ ഇന്ത്യയിൽ ഒരു ഗ്രാമപഞ്ചായത്തിന് ശരാശരി ഉള്ളതെന്ന് പറയാം. കേരളത്തിൽ

പ്രാദേശികഭരണകൂട ത്തിലെ ജനപങ്കാളിത്തം വടക്കേ ഇന്ത്യയുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണെന്ന് കാണാൻ കഴിയും

സൂക്ഷ്മതലഭരണ ത്തിന് ശക്തിപകരാൻ പ്രാദേശികഭരണകൂട ങ്ങളുടെ വലുപ്പം കുറയുന്നത് സഹായകമായിരിക്കുമെന്നതാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ അനുഭവം

ശരാശരി 1500 വോട്ടർമാരുള്ള വാർഡുകളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രവും ഗ്രാമസഭ/വാർഡ്സഭകളെ വിഭജിച്ച് അയൽസഭകളും രൂപീകരിക്കുന്നതിന് സംസ്ഥാനസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് മുകളിൽ പ്രസ്താവിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ്.
കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഭരണവികസന യൂണിറ്റെന്ന നിലയിൽ മാതൃകയാണെങ്കിലും വിസ്തൃതിയും ജനസംഖ്യയിലുള്ള വലിപ്പവും ജനങ്ങൾക്ക് പ്രാദേശിക ഭരണകൂടത്തെ അപ്രാപ്യമാക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഗ്രാമസഭ വാർഡ് കേന്ദ്രീകൃതമാണ്. വാർഡിലെ ജനങ്ങൾക്ക് വികസന-സേവന-ക്ഷേമകാര്യങ്ങൾക്ക് വാർഡിൽ നിന്നും അകലെ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് ഓഫീസിനെ സമീപിക്കേ ി വരുന്നു. വാർഡ്തലത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന വികേന്ദ്രീകരണം ഈ സാഹചര്യത്തിൽ ഭരണസേവന വികേന്ദ്രീകരണത്തിനും കാര്യക്ഷമതക്കും അനിവാര്യമാണ്.

വികസന-സേവന-ക്ഷേമപ്രവർത്തനങ്ങളുടെ വികേന്ദ്രീകൃത നിർവ്വഹണത്തോടൊപ്പം സമൂഹത്തിലെ തർക്കങ്ങൾക്ക് പരിഹാരമു ാക്കുക, മദ്യം-ലഹരി വസ്തുക്കളുടെ വ്യാപനം തടയുക, സാമൂഹിക അനാചാരങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്ക്കരിക്കുക ലിംഗനീതിയിലധിഷ്ഠിതമായ കാഴ്ച്ചപ്പാട് വളർത്തിയെടുക്കുക എന്നീ പ്രാദേശിക ഭരണകൂടങ്ങളുടെ സാമൂഹിക ധർമ്മങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിനും ഗ്രാമകേന്ദ്ര/വാർഡ് കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. സമയബന്ധിതമായി ഗ്രാമകേന്ദ്ര/വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും നഗരഭരണസ്ഥാപനങ്ങളിലും വ്യാപിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

# ഉള്ളടക്കം

**പേജ്**


1. അവതാരിക.....................................................................................................i
2. ആമുഖം.......................................................................................................ii

I. പ്രാദേശിക ഭരണത്തിൽ നിന്ന് പൗരഭരണത്തിലേക്ക്.......................1

II. സ്വാശ്രയ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

- ഗാന്ധിജിയുടെ സങ്കല്പം.................................................................13

III. സേവാഗ്രാം - ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം.......................................19

IV. വാർഡ് വികസന സമിതി ....................................................................29

V. അയൽസഭ.........................................................................................39

# I

## പ്രാദേശിക ഭരണത്തിൽ നിന്ന് പൗരഭരണത്തിലേക്ക്

**അ**ധികാരവികേന്ദ്രീകരണം ജനാധിപത്യവ്യവസ്ഥിതിയിലെ സുപ്രധാനമായ ചുവട് വെയ്പ്പാണ് പാർലമെന്ററി - പ്രാതിനിധ്യജനാധിപത്യ സമ്പ്രദായം സംബന്ധിച്ച് ലോകമെമ്പാടും നടന്ന ചർച്ചകളും ചിന്തകളുമാണ് അധികാരവികേന്ദ്രീകരണം എന്ന ആശയത്തിന് വഴിയൊരുക്കിയത്. അധികാരത്തിന്റേയും സമ്പത്തിന്റേയും ആധിപത്യമില്ലാത്ത ജനാധിപത്യസംവിധാനം വേണമെന്ന ആവശ്യം വ്യാപകമായി. ബഹുഭൂരിപക്ഷത്തിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നവിധം ജനാധിപത്യസംവിധാനത്തെ മാറ്റിയെടുക്കണമെന്ന നിർദ്ദേശം പരക്കെ അംഗീകരിക്കപ്പെട്ടു. അധികാര കേന്ദ്രീകരണം ജനാധിപത്യത്തിന്റെ അർത്ഥപൂർണ്ണമായ പ്രയോഗത്തിന് അനുഗുണമല്ലെന്ന തിരിച്ചറിവ് വ്യാപകമായി. നിലനിൽക്കുന്ന അധികാരഘടനയെ ഗുണപരമായ പരിണാമത്തിന് വിധേയമാക്കി മാത്രമെ ജനാധിപത്യത്തിന്റെ ഈ പ്രതിസന്ധി അന്തിമമായി പരിഹരിക്കപ്പെടുകയുള്ളൂ എന്ന് വ്യക്തമായി. ഭരണവ്യവസ്ഥയുടെ വിവിധ തട്ടുകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരരൂപങ്ങളെ താഴത്തെ തട്ടുകളിലേക്ക് -ആത്യന്തികമായി

ജനങ്ങളിലേക്ക് കൈമാറ്റം ചെയ്ത് കൊ ് മാത്രമെ ജനാധിപത്യം നിലനിർത്താൻ കഴിയുകയുള്ളു എന്ന ധാരണ വളർന്നു വന്നു. അന്തിമമായി പ്രാദേശികഭരണകൂട ങ്ങളിൽ നേരിട്ട് പങ്കാളിത്തം വഹിക്കാൻ കഴിയുന്ന ജനങ്ങളുടെ കൈകളിലായിരിക്കണം യഥാർത്ഥ ജനാധിപത്യ അധികാരം കുടികൊള്ളേ ത് എന്ന ആശയം ശക്തമായിത്തീർന്നു. പങ്കാളിത്തജനാധിപത്യം (Participatory Democracy) ലോകജനാധിപത്യത്തിന്റെ തന്നെ അംഗീകൃത തത്വമായിതീർന്നിരിക്കുന്നു.

ഒരു പൗരന് തന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, ഭരണകൂടത്തിൽ നിന്ന് ലഭിക്കേ സേവനങ്ങളും സംരക്ഷണവും ലഭിക്കുന്നതിനും, വികസനക്ഷേമപ്രവർത്തനങ്ങളുടെ പ്രയോജനം അനുഭവിക്കുന്നതിനും ഭരണത്തിൽ നേരിട്ടുള്ള പങ്കാളിത്തം ലഭ്യമാകേ തു ്. ഇത് സാധ്യമാകണമെങ്കിൽ അധികാരം പരമാവധി വികേന്ദ്രീകരിക്കപ്പെടണം, അധികാരം ജനങ്ങളിലെത്തിക്കണം; Power should go to people and should not be blocked at any level എന്നാണ് സെൻ കമ്മിറ്റി പരാമർശിച്ചിട്ടുള്ളത്. ജനങ്ങളിലേക്കെത്തുന്ന അധികാരം ഏറ്റവും ഫലപ്രദമായും പ്രായോഗികമായും ഉപയോഗപ്പെടുത്താനുള്ള ഔപചാരികമായ വേദികളാണ് നമ്മുടെ ഗ്രാമസഭകളും വാർഡ്സഭകളും.

കേന്ദ്ര സംസ്ഥാനസർക്കാരുകൾക്ക് പുറമെ താഴെ തട്ടിൽ സാമൂഹ്യനീതിയും സാമ്പത്തികവികസനവും കൈവരിക്കുന്നതിന് പ്രാദേശിക സർക്കാരുകളു ാക്കുക എന്ന ലക്ഷ്യത്തോടെയാണ് 73,74 ഭരണഘടനഭേദഗതികൾ നിലവിൽ വന്നത്. ഒരു സർക്കാർ എന്നതിനുള്ള മുന്നുപാധിയാണ് സ്വയംഭരണാവകാശം ഉ ായിരിക്കുക എന്നത്; എന്നാൽ സ്വയംഭരണാവകാശം ഉ ായത് കൊ ് മാത്രം പ്രാദേശിക സർക്കാരുകൾ ഉ ാകില്ല എന്നതാണ് നമ്മുടെ അനുഭവം. അധികാരം ജനങ്ങളിലേക്ക് എത്തുകയും, ആ അധികാരം ഉപയോഗപ്പെടുത്തി പ്രദേശിക സർക്കാർ പ്രവർത്തിക്കുകയും ചെയ്യണമെങ്കിൽ പദ്ധതി ആസൂത്രണത്തിനുള്ള അധികാരവും നിർവ്വഹണത്തിനാവശ്യമായ ഫ ും, ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും ലഭിക്കുകയും വേണമെന്ന് കേരളം

തീരുമാനിച്ചു (Fund, Function, Functionaries, Freedom). മാത്രമല്ല അധികാരം കൈയ്യാളാനുള്ള ശേഷി താഴെത്തട്ടിൽ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ഉ   ാവണം.

അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും അടിക്കല്ല് ജനപങ്കാളിത്തമാണ്. ജനപങ്കാളിത്തം ഉറപ്പിക്കാനുള്ള വേദിയാണ് ഗ്രാമസഭ. ഗ്രാമസഭ ഫലപ്രദമാവുകയാണെങ്കിൽ ഭരണത്തിന്റെ ഏത് തലംവരെ എത്തിപ്പെടാനും പങ്കാളികളാകാനും ജനങ്ങൾക്ക് കഴിയും. അധികാരകേന്ദ്രീകരണം ഇല്ലാതാകും, ഉദ്യോഗസ്ഥമേധാവിത്വം അവസാനിക്കും, ഭരണം കൂടുതൽ സുതാര്യമാകും, സാമൂഹ്യഓഡിറ്റിങ്ങിലൂടെ ഭരണം വിലയിരുത്തപ്പെടും ഇതിനെല്ലാം കഴിയുംവിധം ജനാധിപത്യത്തിന്റെ കാവലാളായി ഗ്രാമസഭയെ മാറ്റിയെടുക്കണം.

**നമ്മുടെ ഗ്രാമസഭ/വാർഡ്സഭകൾ**

കേരള പഞ്ചായത്ത്രാജ് ആക്ടിൽ ഗ്രാമസഭ/വാർഡ്സഭകൾക്ക് വിപുലമായ അധികാരങ്ങളും അവകാശങ്ങളും ചുമതലകളുമാണ് നല്കിയിട്ടുള്ളത്. ഗ്രാമസഭ/വാർഡ്സഭയുടെ അധികാര അവകാശങ്ങൾ മനസ്സിലാക്കി എല്ലാ വിഭാഗം ജനങ്ങളും ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുക്കണമെന്നും അത് വഴി ഓരോ ഗ്രാമസഭയും അതിന്റെ അധികാര അവകാശങ്ങൾ വിനിയോഗിക്കുന്നതിലൂടെ പ്രാദേശികഭരണകൂടം സുതാര്യവും കാര്യക്ഷമവും ജനസൗഹൃദവുമായിത്തീരുമെന്നും പ്രതീക്ഷിച്ചിരുന്നു. അധികാരം വികേന്ദ്രീകൃതമാവുകയും യഥാർത്ഥ അധികാരം ജനങ്ങൾക്ക് ലഭിക്കുകയും ചെയ്യണമെങ്കിൽ പഞ്ചായത്ത്ഭരണ സംവിധാനത്തിന്റെ അടിത്തറയായ ഗ്രാമസഭ/വാർഡ്സഭകൾ ശക്തിപ്പെടണം, ഭരണവികസന പ്രവർത്തനങ്ങളിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകണം, ഭരണസംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസ്യതയും താല്പര്യവും വർദ്ധിക്കണം. ഇതിലൂടെ ജനാധിപത്യശാക്തീകരണത്തിനും സാമൂഹ്യനീതി കൈവരിക്കുന്നതിനും കഴിയും എന്ന് നാം ലക്ഷ്യമിട്ടു.

എന്നാൽ നമ്മുടെ ഗ്രാമസഭ/വാർഡ്സഭകൾ പ്രതീക്ഷിച്ച അളവിൽ മുന്നോട്ട് പോയിട്ടില്ല എന്ന് നിരീക്ഷിക്കപ്പെട്ടു. ഭരണഘടനയിൽ വിശേഷിപ്പിച്ചിട്ടുള്ള 'ജനാധിപത്യത്തിന്റെ കാവലാൾ' എന്ന ദൗത്യം സാർത്ഥകമാക്കുവാൻ കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തം കുറഞ്ഞ് വരുന്നു, പദ്ധതി ആസൂത്രണപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാനും കഴിയുന്നില്ല. ഗൗരവതരമായ ജനകീയ പ്രാദേശികപ്രശ്നങ്ങൾ പോലും ഗ്രാമസഭ/വാർഡ്സഭകളിൽ വേ ത്ര ചർച്ച ചെയ്യപ്പെടാറില്ല.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ/വാർഡ്സഭകളുടെ ശാക്തീകരണത്തിന് നിരവധി പ്രവർത്തനങ്ങൾ നടക്കുകയു ായി. വമ്പിച്ച കാമ്പയിനുകളായി പല വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക ഗ്രാമസഭ/വാർഡ്സഭകൾ, സത്യപ്രതിജ്ഞ കഴിഞ്ഞ് പുതുതായി എത്തുന്ന ജനപ്രതിനിധികൾക്കുള്ള പരിശീലനങ്ങൾ, ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്കുള്ള പരിശീലനങ്ങൾ, ഗ്രാമയാത്ര കാമ്പയിൻ പരിപാടി എന്നിവയിലൂടെ ഗ്രാമസഭ/വാർഡ്സഭകളെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നു.

എന്നാൽ പങ്കാളിത്തത്തിലും ഗുണപരതയിലും ഗ്രാമസഭ നേരിടുന്ന പ്രതിസന്ധി പൂർണ്ണമായി തരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾ നിരന്തരം കൂടിചേരുകയും, വികസനക്ഷേമകാര്യങ്ങൾ ചർച്ചചെയ്യപ്പെടുകയും വേണം. പഞ്ചായത്ത് ഭരണസംവിധാനങ്ങൾ ജനങ്ങൾക്ക് തൊട്ടടുത്ത് ലഭ്യമാകേ തു ്. അതിന് ഗ്രാമസഭ/വാർഡ്സഭകൾ ശക്തമാക്കേ തു ്. പഞ്ചായത്ത്/നഗരസഭകളിൽ നിയമം അനുശാസിക്കുന്നത് കൊ ് മാത്രം നിർദ്ദിഷ്ടസമയങ്ങളിൽ മാത്രം ചേരുന്ന ഗ്രാമസഭ/വാർഡ്സഭകൾ കേവലം ആൾക്കൂട്ടമായി പരിണമിക്കുന്നു. ഈ സാഹചര്യത്തിൽ 'അയൽസഭകൾ' എന്ന ആശയം വ്യാപകമായി നിർദ്ദേശിക്കപ്പെട്ടു.

കേരളത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള ഗ്രാമസഭ/വാർഡ്സഭകൾക്ക് അതാത് വാർഡുകളിൽ നിശ്ചിതമായ ആസ്ഥാനങ്ങളില്ല, നിയതമായ പ്രവർത്തന സമയമില്ല എന്നതും ഇവയുടെ പ്രവർത്തന

ങ്ങളെ പരിമിതപ്പെടുത്തുന്ന ഘടകമാണ്. മാത്രമല്ല ശരാശരി 1000 ൽ പരം അംഗങ്ങൾ പങ്കെടുത്ത് ഭരണകാര്യങ്ങൾ ചർച്ച ചെയ്യുക എന്നതിലെ അപ്രായോഗികതയും ഒരു വെല്ലുവിളിയാണ്. ഗ്രാമസഭ/ വാർഡ്സഭപ്രവ ർത്തനങ്ങളുടെ നിരീക്ഷണത്തിനും വിശകലനത്തിനും കാര്യക്ഷമതക്കും പുതിയൊരു പരിഹാരമാർഗ്ഗമാണ് 'സേവാഗ്രാം'-ഗ്രാമ കേന്ദ്രം/വാർഡ്കേന്ദ്രം.

ഗ്രാമപഞ്ചായത്ത്/നഗരസഭപ്രദേശ ത്ത് ഓരോ വാർഡിലും ഓരോ 'സേവാഗ്രാം'- ഗ്രാമകേന്ദ്രം /വാർഡ്കേന്ദ്രം എന്നതും ഗ്രാമസഭ/ വാർഡ്സഭയുടെ ഉപഘടകമെന്ന നിലയിൽ നിശ്ചിത എണ്ണം വീടുകൾ ഉൾക്കൊള്ളുന്ന അയൽസഭകൾ എന്നതുമാണ് ഈ സംവിധാനം. ഇത് ഗ്രാമസഭാ ശാക്തീകരണത്തിനും, അതിലൂടെ ജനാധിപത്യവികേന്ദ്രീക രണം സാർത്ഥകമാക്കുന്നതിനും സാധിക്കും എന്ന തിരിച്ചറിവിന്റെ അടി സ്ഥാനത്തിലാണ് 'സേവാഗ്രാം' ഗ്രാമകേന്ദ്രം സംബന്ധിച്ച് സർക്കാർ ഉത്തരവ് **(സ.ഉ(എം.എസ്) നം.112/2014/തീയതി 25.6.2014 തസ്വഭവ)** പുറപ്പെടുവിച്ചിട്ടുള്ളത്.

## ഗ്രാമസഭ ധർമ്മങ്ങളും നിലവിലുള്ള അവസ്ഥയും

**ഗ്രാമസഭ/വാർഡ്സഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ,**

കേരള പഞ്ചായത്തരാജ് ആക്ടിന്റെ 3 എ വകുപ്പ് അനുസരിച്ച് ഗ്രാമ സഭക്ക് വിപുലമായ അധികാരങ്ങളും അവകാശങ്ങളും ചുമതലകളും നല്കിയിട്ടു ് . അവയിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതി നാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരി ക്കുന്നതിനും സഹായിക്കുക.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേ പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകു കയും മുൻഗണന നിശ്ചയിക്കുകയും ചെയ്യുക.
3. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളെ സംബ ന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണ നക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തി മമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ നൽകുക.
4. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകികൊ ് വികസനപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സഹായ ങ്ങൾ ചെയ്തുകൊടുക്കുക.
5. വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും പണ മായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുക, സമാ ഹരിക്കുക.
6. തെരുവുവിളക്കുകൾ, പൊതുവാട്ടർടാപ്പുകൾ, പൊതുകിണറു കൾ, പൊതുസാനിറ്റേഷൻ യൂണിറ്റുകൾ, ജലസേചനസൗകര്യ ങ്ങൾ, മറ്റ് പൊതുസൗകര്യപദ്ധതികൾ എന്നിവ എവിടെ സ്ഥാപി ക്കണമെന്ന് നിർദ്ദേശിക്കുക.
7. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണനിയന്ത്രണം തുടങ്ങിയ പൊതുതാല്പര്യ സംഗതികളെക്കുറിച്ച് അറിവ്

നല്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക, അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹ്യതിന്മക്കെതിരെ സംരക്ഷണം നല്കുക.

8. ഗ്രാമസഭ/വാർഡ്സഭയുടെ അധികാരപരിധിയിൽപ്പെട്ട ഗ്രാമസഭാപ്രദേശത്ത് വിവിധ വിഭാഗം ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുക, സന്മനോഭാവം വളർത്തുന്നതിന് കലാകായികമേളകൾ സംഘടിപ്പിക്കുക.

9. വികസനപ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.

10. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നീ വിവിധതരം ക്ഷേമസഹായം ലഭിക്കുന്നവരുടെ അർഹത പരിശോധിക്കുക.

11. അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേ സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച് വിവരം ലഭ്യമാക്കുക

12. ഗ്രാമസഭാ/വാർഡ്സഭാ പ്രദേശത്ത് പഞ്ചായത്ത്/നഗരസഭ എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യുക്തി അറിയുക.

13. പൊതുജനാരോഗ്യപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് രോഗപ്രതിരോധ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സഹായിക്കുക.

14. ഗ്രാമസഭ/വാർഡ്സഭ, അതിന്റെ സാധാരണ യോഗത്തിലോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേ ി വിളിച്ച്കൂട്ടുന്ന പ്രത്യേക യോഗത്തിലോ വച്ച് മുൻവർഷത്തെ വികസനപരിപാടികളുടെയും നടപ്പ് വർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികളുടെയും ചെലവ് സംബന്ധിച്ച റിപ്പോർട്ട് ചർച്ച ചെയ്യേ താണ്. ബജറ്റിൽ വകയിരിത്തിയിട്ടുള്ള തുക, പദ്ധതിവിഹിതത്തിന്റെ വിശദാംശങ്ങൾ, ഫ ിന്റെ ഇനം തിരിച്ചുള്ള വിഹിതം, ഗ്രാമസഭ/വാർഡ്സഭയുടെ പ്രദേശത്ത് നടപ്പാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റ്,

അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങൾ തുടങ്ങിയവ അറിയാൻ ഗ്രാമസഭക്ക് അവകാശമു   ായിരിക്കും.

15. ഗ്രാമസഭ/വാർഡ്സഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ട്, പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് എന്നിവ യോഗത്തിൽ ചർച്ചചെയ്യേ   തും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട പഞ്ചായത്തുകളെ/നഗരസഭകളെ അറിയിക്കേ   തുമാണ്.

16. ഗ്രാമസഭയ്ക്ക് ഏതെങ്കിലും പ്രശ്നങ്ങളും പരിപാടികളും സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുന്നതിനും പദ്ധതികളുടേയും അതിന്റെ തീരുമാനങ്ങളുടേയും ഫലപ്രദമായ നടപ്പാക്കലിനും അതിന്റെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും പൊതുവായോ പ്രത്യേകമായോ ആയ സബ് കമ്മിറ്റികളെ നിയമിക്കുകയോ തിരഞ്ഞെടുക്കുകയോ രൂപീകരിക്കുകയോ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള സബ്കമ്മിറ്റികളിൽ പത്തിൽ കുറയാത്ത അംഗങ്ങൾ ഉ   ായിരിക്കേ   തും അവരിൽ പകുതിയിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കേ   തുമാണ്.

17. ഏതെങ്കിലും പദ്ധതിയോ പ്രോജക്ടോ പ്ലാനോ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേ   ി വരുമ്പോൾ അതിനുള്ള അർഹതയുടേയും മുൻഗണനാക്രമത്തിന്റേയും മാനദണ്ഡം, പദ്ധതിയിലോ പ്രോജക്റ്റിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി പഞ്ചായത്തുകൾ/നഗരസഭകൾ നിശ്ചയിക്കേ   തും അങ്ങനെ മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം പരസ്യപ്പെടുത്തേ   തും ഗ്രാമസഭ/വാർഡ്സഭകളെ അറിയിക്കേ   തുമാണ്.

18. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്തശേഷം ഗ്രാമപഞ്ചായത്ത് /നഗരസഭ തയ്യാറാക്കി നൽകുന്ന അതത് ഗ്രാമസഭ/വാർഡ്സഭ പ്രദേശത്തുള്ള

അപേക്ഷകരുടെ കരട് മുൻഗണനാലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊ ുള്ള യോഗത്തിൽവെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേ തും മുൻഗണനക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ അംഗീകാരത്തിന് അയയ്ക്കേ തുമാണ്.

19. ഗ്രാമസഭ/വാർഡ്സഭയുടെ അധികാരപരിധിയിൽപ്പെട്ട ഏത് പ്രശ്നത്തെക്കുറിച്ചും അതിന്റെ യോഗത്തിൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കാവുന്നതും എന്നാൽ കഴിയുന്നിടത്തോളം പൊതുസമ്മതത്തോട് കൂടിയ തീരുമാനം എടുക്കാൻ ശ്രമിക്കേ തുമാണ്.

## ഗ്രാമസഭ/വാർഡ്സഭ നേരിടുന്ന വെല്ലുവിളികൾ, പരിമിതികൾ

- പ്രാദേശികഭരണകൂടവുമായി ജന ങ്ങളെ ഇഴച്ചേർക്കേ ഗ്രാമസഭ/വാർഡ്സഭകളിൽ ജനങ്ങൾ എത്തിച്ചേരുന്നില്ല. ബഹുഭൂരിപക്ഷവും നിരാകരിക്കുന്ന ഒരു വേദിയായി ഗ്രാമസഭ/വാർഡ്സഭകൾ മാറുന്നുവോ, എങ്കിൽ അത് അധികാരവികേന്ദ്രീകരണത്തേയും ജനാധിപത്യത്തേയും ദുർബലപ്പെടുത്തുന്നതായി മാറും.
- പ്രാദേശികവികസനകാര്യങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന മദ്ധ്യവർഗ്ഗത്തിന്റെ ഗ്രാമസഭ/വാർഡ്സഭയോടുള്ള നിസ്സംഗതയും അതിൽ നിന്നുള്ള വിട്ടുനില്പും ഗ്രാമസഭക്ക് യഥാശക്തി പ്രവർത്തിക്കാൻ കഴിയാതാക്കുന്നു.
- ഗ്രാമസഭ/വാർഡ്സഭയോഗം സമയനിഷ്ഠ പാലി ക്കുന്നില്ല. പല വാർഡുകളിലും ഗ്രാമസഭാംഗങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന വേദികൾ ലഭിക്കുന്നില്ല, ചർച്ചകൾ ഫലപ്രദമാവുന്നില്ല
- വലിയൊരു സദസ്സിൽ കൃത്യമായ അജ യുടെ അടിസ്ഥാനത്തിൽ ചിട്ടയായ ചർച്ചയും ക്രോഡീകരണവും നടക്കുന്നില്ല. കൃത്യമായ തീരുമാനങ്ങൾ ഉ ാകുന്നില്ല, തീരുമാനങ്ങൾ

രേഖപ്പെടുത്തുന്നില്ല, എടുത്ത തീരുമാനങ്ങൾ പോലും നടപ്പാക്കപ്പെടുന്നില്ല.

- കുടുംബശ്രീയുടെ പ്രവർത്തനം മൂലം സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഗുണപരമായി മാറുന്നില്ല
- ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥരുടെ അഭാവം, ഗ്രാമസഭ ചർച്ചകളെ വെറും പ്രഹസനമാക്കി മാറ്റുന്നു.
- ഗ്രാമസഭ/വാർഡ്സഭയിൽ ജനങ്ങൾ മുന്നോട്ട് വെയ്ക്കുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വേണ്ട രീതിയിൽ പരിഗണിക്കപ്പെടുന്നില്ല. ജനങ്ങൾക്ക് ഗ്രാമസഭ/വാർഡ് സഭയിൽ വിശ്വാസം കുറയാൻ ഇത് കാരണമായി.
- ഗുണഭോക്തൃലിസ്റ്റുകൾ ഗ്രാമസഭ/വാർഡ്സഭയിൽ വിശദമായി സ്ക്രൂട്ടിനി ചെയ്യുവാനോ അർഹരായവർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുവാനോ ഗ്രാമസഭ/വാർഡ് സഭകൾക്ക് കഴിയുന്നില്ല. ക്ഷേമപെൻഷനുകൾ ഉൾപ്പടെ വിവിധ ആനുകൂല്യങ്ങൾക്കുള്ളവരെ ഗ്രാമസഭ തിരഞ്ഞെടുത്തതാണെങ്കിലും അതാരൊക്കെയാണെന്ന് ഗ്രാമസഭാംഗങ്ങൾക്ക് അറിയില്ല.
- പൊതുമരാമത്ത് പ്രവർത്തികൾ യഥാവിധി മോണിറ്റർ ചെയ്യുവാനുള്ള സാങ്കേതികശേഷിയും മനുഷ്യവിഭവശേഷിയും ഗ്രാമസഭയ്ക്ക് ലഭ്യമാകുന്നില്ല.
- ഗ്രാമസഭ/വാർഡ്സഭ നിർദ്ദേശങ്ങൾ/ശുപാർശകൾ ഗ്രാമപഞ്ചായത്ത്/നഗരസഭ യുക്തിപരമായ കാരണങ്ങൾ ഇല്ലാതെ നിരാകരിച്ചാൽ അതിന് പരിഹാരം കാണാനും തിരുത്താനുമുള്ള സംവിധാനങ്ങൾ ഇല്ല.
- ഗ്രാമസഭ/വാർഡ്സഭകൾ ആനുകൂല്യവിതരണത്തിന് മാത്രമാണെന്ന ധാരണ വ്യാപകമായതിനാൽ പങ്കാളിത്തം ബിപിഎൽ വിഭാഗത്തിലേക്ക് ചുരുങ്ങുന്നു. മാത്രമല്ല ഭരണവികസന പദ്ധതിയാസൂത്രണപ്രവർത്തനങ്ങൾ ഒന്നും ഗ്രാമസഭ/വാർഡ്

സഭയിൽ ചർച്ചയ്ക്ക് വിധേയമാവുകയോ അവയിൽ ജനങ്ങ ളുടെ ഇടപെടൽ ഉ ാവുകയോ ചെയ്യുന്നില്ല

- സദ്ഭരണസംവിധാനങ്ങളായ ഓംബുഡ്സ്മാൻ, സോഷ്യൽ ഓഡിറ്റിംഗ്, പൗരാവകാശരേഖ, സുതാര്യതയ്ക്കുള്ള സംവി ധാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിന് വേ പൗര ബോധം ഉയർത്തിക്കൊ ുവരാൻ ഗ്രാമസഭ/വാർഡ്സഭ കൾക്ക് കഴിയുന്നില്ല

**ഗ്രാമസഭാ ശാക്തീകരണത്തിനായി നടത്തിയ ശ്രമങ്ങൾ**

- 2009 ൽ ഗ്രാമസഭ ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി. ഗ്രാമസഭ എന്ന പേരിൽ ഒരു പ്രത്യേക കൈപ്പുസ്തകം വ്യാപ കമായി വിതരണം ചെയ്തു.
- 2010 ൽ പുതുതായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെ ടുത്ത പ്രാദേശികഭരണകൂട ജനപ്രതിനിധിക ൾക്ക് നൽകിയ 3 ദിവസത്തെ പരിശീലനത്തിൽ ഗ്രാമസഭയെക്കുറിച്ച് വിശദ മായി പ്രതിപാദിച്ചു.
- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സംയുക്തമായി നല്കിയ പരിശീലനത്തിൽ ഗ്രാമസഭ/വാർഡ്സഭയുടെ സദ് ഭരണ സാധ്യതകൾ വിശദമായി ചർച്ച ചെയ്തു.
- 2012 ൽ ഗ്രാമസഭ/വാർഡ്സഭാമെമ്പർമാർക്ക് (വോട്ടർമാർക്ക്) വിപുലമായ പരിശീലനം നല്കി. പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ വോട്ടർമാർക്കും 'ഗ്രാമസഭയുടെ അധികാരങ്ങൾ' എന്ന കൈപ്പുസ്തകം വിതരണം ചെയ്തു.
- 2012 മുതൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 'ഗ്രാമയാത്ര' എന്ന പേരിൽ വിപുലമായ കാമ്പയിൻ പരിപാ ടികൾ നടത്തി, മാതൃക ഗ്രാമസഭ/വാർഡ് സഭകൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.
- ഇവയ്ക്ക് പുറമെ പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കി യുള്ള ഗ്രാമസഭ/വാർഡ്സഭകൾ വമ്പിച്ച പ്രചരണം നല്കി സംഘടിപ്പിച്ചു.

- 2013 ൽ കുടിവെള്ളം, ശുചിത്വം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രാമസഭാംഗങ്ങൾക്ക് പരിശീലനം നൽകി. 'കുടിവെള്ളം, ശുചിത്വം' എന്ന പേരിൽ കൈപ്പുസ്തകം തയ്യാറാക്കി പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്തു.

'സേവാഗ്രാം' - ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ വരുന്നതോടുകൂടി പ്രാദേശികഭരണസംവിധാനങ്ങൾ ജനങ്ങൾക്ക് തൊട്ടറിയാൻ കഴിയുന്ന വിധം പൗരന്മാരിലേക്ക് എത്തുന്നു. പ്രാദേശികഭരണം പൗരന്മാരുടെ കൈകളിലേക്ക് വികേന്ദ്രീകരിച്ചെത്തിക്കുക എന്ന ആശയം പടിപടിയായി യാഥാർത്ഥ്യമാക്കാൻ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ വഴി സാധിക്കണം. പഞ്ചായത്ത് ഭരണസംവിധാനങ്ങളുടെ /സ്ഥാപനങ്ങളുടെ വ്യാപനം എന്നതിലുപരി ജനജീവിതത്തിന്റെ സമസ്തവികസന മേഖലകളെയും, സാമൂഹ്യസാംസ്ക്കാരിക തലങ്ങളെയും സ്പർശിക്കുന്ന 'പൗരഭരണ' പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നവിധം ഗ്രാമകേന്ദ്രങ്ങൾ സജ്ജമാവേ തു ്. ഗ്രാമസഭാപ്രവർത്തനങ്ങൾ ഫലവത്താക്കാനും പ്രത്യക്ഷ ജനാധിപത്യം സാർത്ഥകമാക്കുന്ന വിധം ഗുണപരമായ ജനപങ്കാളിത്തം നേടിയെടുക്കാനും ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങളും അയൽസഭകളും സാധ്യതകൾ തുറന്ന് തരികയാണ്

II

# സ്വാശ്രയ സ്വയംപര്യാപ്ത ഗ്രാമങ്ങൾ - ഗാന്ധിജിയുടെ സങ്കല്പം

**സ്വാശ്രയ സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

- വിവേചനങ്ങളില്ലാതെ എല്ലാവരുടെയും സമഗ്രവും സർവ്വോതോന്മുഖമായ വികസനം
- ഏറ്റവും അടിത്തട്ടിൽ നിന്നും പടിപടിയായി രാഷ്ട്രനിർമ്മാണം നടത്തുക
- സ്വാശ്രയത്തിലും സ്വയം നിർണ്ണയാവകാശത്തിലും ഊന്നിയ സമ്പദ്ഘടന കെട്ടിപ്പടുക്കുക

ജോൺ റസ്ക്കിൻന്റെ ' unto this last' എന്ന പുസ്തകത്തിലെ ആശയങ്ങൾ ഗാന്ധിജിയെ ഏറെ സ്വാധീനിച്ചു. അവയിൽ മൂന്ന് ആശയങ്ങളാണ് ഗാന്ധിജി എടുത്ത് പറഞ്ഞിട്ടുള്ളത്.

1. ഒരാളുടെ ക്ഷേമം (നന്മ) എല്ലാവരുടേയും ക്ഷേമത്തിൽ (നന്മയിൽ) അധിഷ്ഠിതമായിരിക്കുന്നു.
2. തൊഴിൽ ചെയ്ത് ഉപജീവനം തേടാനുള്ള അവകാശം എല്ലാവർക്കുമു ്, എല്ലാ തൊഴിലുകൾക്കും ഒരേ മൂല്യമാണുള്ളത്

3. കായികാദ്ധ്വാനം ചെയ്തുകൊ  ുള്ള ജീവിതമാണ് ഏറ്റവും ഉത്തമമായ ജീവിതരീതി

ഈ ആശയങ്ങളിൽ നിന്നാണ് ഗാന്ധിജി 'സർവ്വോദയ'മെന്ന് മഹത്തായ സാമൂഹിക പരികല്പന രൂപപ്പെടുത്തുന്നത്. ആരെയും ഒഴിവാക്കാതെ എല്ലാവരുടേയും ക്ഷേമം ഉറപ്പ് വരുത്തേ  ത് ആവശ്യമാണ് എന്ന ആശയത്തിന് പ്രത്യേക ഊന്നൽ നൽകുവാൻ വേ  ിയാണ് സർവ്വരുടേയും അഥവാ സർവ്വത്തിന്റേയും ക്ഷേമം എന്ന അർത്ഥമുള്ള 'സർവ്വോദയം' എന്ന പദം ഗാന്ധിജി ഉപയോഗിച്ചത്. യാതൊരുവിധ വിവേചനവുമില്ലാതെ എല്ലാ മനുഷ്യരുടേയും സമഗ്രവും സർവ്വതോന്മുഖവുമായ വികസനത്തെയാണ് ഇത് കൊ  ് ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്നവരുടെ-അന്ത്യന്റെ-സാമൂഹിക- സാമ്പത്തിക- സാംസ്കാരിക വളർച്ചക്കാണ് ഇവിടെ ഉയർന്ന പരിഗണന നല്കുന്നത്. ഇതിലൂടെ അന്ത്യന്റെ ഉദയം (അന്ത്യോദയം) യാഥാർത്ഥ്യമാകുന്നു. ഇതിന്റെ അടുത്ത പടിയായി സർവ്വരുടെയും ഉദയവും (സർവ്വോദയം) പ്രാവർത്തികമാകുന്നു. എല്ലാ വ്യക്തികൾക്കും അവരുടെ വ്യക്തിത്വത്തിന്റെ വിവിധ മാനങ്ങൾ സമീചീനമായി വികസിപ്പിക്കുന്നതിന് അനുയോജ്യമായ സാമൂഹ്യ പരിതോവസ്ഥ 'സർവ്വോദയം' പൂർവ്വഭാവന ചെയ്യുന്നുമു  ്. ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളുടേയും, വാസനകളുടേയും വികസനത്തിനും, പ്രകാശനത്തിനും സഹായകമായ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-വിദ്യാഭ്യാസവ്യവസ്ഥിതികൾ സ്ഥാപിക്കേ  തിന്റെ അനിവാര്യതയും സർവ്വോദയം സൂചിപ്പിക്കുന്നു  ്.

ഇന്ത്യ ഗ്രാമങ്ങളുടെ നാടായിട്ടാണ് അറിയപ്പെടുന്നത്. 'ഇന്ത്യ അവളുടെ ഗ്രാമങ്ങളിൽ ജീവിക്കുന്നു' എന്ന ഗാന്ധിജിയുടെ പ്രസ്താവന പ്രഖ്യാതമാണല്ലോ. ഇന്ത്യയിൽ സാമൂഹ്യജീവിതത്തിന്റെ ഘടകമാണ് ഗ്രാമം. ഓരോ ഗ്രാമവും സ്വയംപര്യാപ്തവും സ്വാശ്രിതവുമായ ഒരു പ്രത്യേക സമൂഹമാണ്. ഈ സമൂഹത്തിലെ അംഗങ്ങളായ ഗ്രാമനിവാസികൾ ഒരു പൊതുജീവിതത്തിലെ പങ്കാളിത്തം കൊ  ് മാത്രമല്ല, ചില

പൊതുലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും വേ ി രൂപപ്പെടുത്തി യിട്ടുള്ള സംഘടനയിൽ കൂടിയും പരസ്പരം ബന്ധപ്പെടേ താണ്.

പഞ്ചായത്ത് സ്ഥാപനസംവിധാനങ്ങൾ കൂടുതൽ വികേന്ദ്രീകരിച്ച്, വാർഡ്തോറും ഗ്രാമസഭ/വാർഡ്സഭയുടെ ആസ്ഥാനമെന്ന നിലയിൽ 'സേവാഗ്രാം' -ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങളും ഗ്രാമസഭ പ്രവർത്തന ങ്ങൾ കൂടുതൽ ഫലപ്രദമാക്കും വിധം ചിട്ടപ്പെടുത്തുന്നതിനും വാർഡ് വികസന സമിതികളും അതിന്റെ ഉപഘടകമെന്ന നിലയിൽ അയൽസ ഭകളും എന്ന ആശയം പ്രാവർത്തികമാക്കപ്പെടുകയാണ്. കൂടുതൽ സൂക്ഷ്മതല സംഘടനാ സംവിധാനങ്ങൾ നിലവിൽ വരുന്നതോടെ ജന പങ്കാളിത്തവും ജനകീയഇടപെടലുകളും സാധ്യമാക്കാൻ കഴിയേ താണ്.

## സേവാഗ്രാം

'ഗ്രാമസേവനം' എന്ന മഹാത്മാഗാന്ധിയുടെ ആശയം യാഥാർത്ഥ്യമാ ക്കാൻ വാർധയിൽ സ്ഥാപിച്ച ഗ്രാമവികസന പഠന-പരിശീലന-സേവന കേന്ദ്രമാണ് 'സേവാഗ്രാം'. ഇന്ത്യയിലെ ഗ്രാമങ്ങളുടെ അടിസ്ഥാനസൗ കര്യങ്ങളായ കുടിവെള്ളം, ശുചിത്വപാലനം, പാർപ്പിടം, ഇതര നിർമ്മാണപ്രവർത്തനങ്ങൾ, ഗ്രാമവ്യവസായം എന്നിവ പ്രാവർത്തിക മാക്കി ഗാന്ധിയൻ ആശയങ്ങളിലധിഷ്ഠിതമായി ഗ്രാമങ്ങളെ രൂപാന്ത രപ്പെടുത്തുക എന്നതായിരുന്നു സേവാഗ്രാമിന്റെ ലക്ഷ്യം. ഗ്രാമസഭാ ശാക്തീകരണത്തിന്റെ ഭാഗമായി ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ വാർഡ്തലത്തിൽ സ്ഥാപിച്ചുകൊ ് ഗ്രാമസ്വരാജ് സങ്കല്പത്തിൽ അധി ഷ്ഠിതമായ ഗ്രാമഭരണത്തിലേക്കുള്ള ചുവടുവെയ്പ്പാണ് ഗ്രാമകേന്ദ്ര/ വാർഡ്കേന്ദ്രങ്ങൾ.

ഗാന്ധിയൻ ആശയങ്ങളിലധിഷ്ഠിതമായി, ഏറ്റവും അടിത്തട്ടിൽ നിന്ന്, പടിപടിയായി രാഷ്ട്രനിർമ്മാണം നടത്തുന്നതിന് വേ ി രൂപപ്പെടു ത്തിയ നിർമ്മാണപരിപാടികൾക്കും ഇതരപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന കേന്ദ്രമായാണ് വാർധയിലെ സേവാഗ്രാം പ്രവർത്തനമാരംഭിച്ചത്. സ്വാശ്രയത്തിലും സ്വയം നിർണ്ണയാവകാശ

ത്തിലും ഊന്നിയ ഗ്രാമസമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിന് ഗാന്ധിജി നിർമ്മാണപരിപാടികൾ മുന്നോട്ട് വെച്ചു. രാഷ്ട്രത്തിന് ഗാന്ധിജി സമർപ്പിച്ച നിർമ്മാണപരിപാടികൾ ഇവയാണ്.

1. സമുദായ ഐക്യം ഇന്ത്യയിലെ വിവിധ മതവിഭാഗങ്ങളും, ജാതികളും തമ്മിലുള്ള ഹൃദയൈക്യം
2. അയിത്തോച്ചാടനം
3. മദ്യത്തിന്റേയും, മയക്ക്മരുന്നുകളുടേയും നിരോധനം
4. ഖാദി-കൈകൊ ് നൂൽക്കുന്ന നൂലും കൈകൊ ് നെയ്യുന്ന വസ്ത്രവും പ്രോത്സാഹിപ്പിക്കൽ
5. മറ്റ് ഗ്രാമവ്യവസായങ്ങൾ, കൈക്കുത്തരി നിർമ്മാണം, ധാന്യം പൊടിക്കൽ, സോപ്പ് നിർമ്മാണം, കടലാസ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, തുകൽ സംസ്ക്കരണം, എണ്ണയാട്ട് എന്നിങ്ങനെ ഒരു കാലത്ത് ഇന്ത്യൻ ഗ്രാമങ്ങളുടെ സ്വയംപര്യാപ്തയുടെ നട്ടെല്ലായിരുന്ന ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കൽ
6. ഗ്രാമശുചീകരണം
7. പുതിയ അഥവാ അടിസ്ഥാനവിദ്യാഭ്യാസം
8. വയോജന വിദ്യാഭ്യാസം
9. സ്ത്രീകളുടെ ഉന്നമനം അഥവാ വനിതാവിമോചനം
10. ആരോഗ്യവും, ആരോഗ്യസംരക്ഷണവും സംബന്ധിച്ച വിദ്യാഭ്യാസം
11. പ്രാദേശികഭാഷകളുടെ പ്രോത്സാഹനം-സ്വയംപര്യാപ്തതയും സ്വരാജും കൈവരിക്കാൻ ഇത് അത്യന്താപേക്ഷിതമാണ്.
12. ദേശഭാഷ പ്രോത്സാഹിപ്പിക്കുക-ഇന്ത്യയുടെ ബന്ധഭാഷയായ ഹിന്ദി സ്വീകരിക്കുക. ദേശീയഐക്യവും, സാംസ്ക്കാരിക സ്വയം ശീർഷകത്വവും കൈവരിക്കാൻ നിർണ്ണായകമാണിത്.
13. സാമ്പത്തിക സമത്വം- അഹിംസാത്മക സ്വരാജിലേക്കുള്ള താക്കോലാണിത്
14. കർഷകരെ സേവിക്കുക- ഇന്ത്യയുടേയും, അതിന്റെ സമ്പദ്ഘടനയുടേയും നട്ടെല്ല് കൃഷിക്കാരാണ്.

15. തൊഴിലാളികളെ സംഘടിപ്പിക്കുക
16. ആദിവാസികളെ സേവിക്കുക
17. കുഷ്ഠരോഗികളെ സേവിക്കുക
18. വിദ്യാർത്ഥികളെ സേവിക്കുക
19. കന്നുകാലി സംരക്ഷണം - ഇന്ത്യയുടെ ഗ്രാമീണ സമ്പദ്ഘടനയുടെ നിർണ്ണായക ഘടകമാണ് കന്നുകാലി സമ്പത്ത്

സാമൂഹ്യപരിവർത്തനത്തിനായി ഗാന്ധിജി അവതരിപ്പിച്ചത് പ്രതിരോധവും (സത്യാഗ്രഹം) നിർമ്മാണവും (നിർമ്മാണപരിപാടികൾ) കോർത്തിണക്കിയ ഒരു ദ്വിമുഖ കർമ്മപദ്ധതിയാണ്. ഇന്ത്യൻ ഗ്രാമീണ ജനതയുടെ ധാർമ്മികവും സാമ്പത്തികവുമായ പുനരുദ്ധാരണം പ്രോത്സാഹിപ്പിക്കുന്ന ഒരു വികേന്ദ്രീകൃത സാമ്പത്തികസംവിധാനത്തിന് വേ  ിയാണ് കൃഷിയും, ഖാദിയും, ഗ്രാമവ്യവസായങ്ങളും എല്ലാ ഗ്രാമങ്ങളിലും വ്യാപിപ്പിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചത്. ഇന്ത്യയുടെ പുനരുജ്ജീവനത്തിനുതകുന്ന ഒരു സമഗ്രകർമ്മപരിപാടിയാണ് ഇത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സാമൂഹ്യവും, സാമ്പത്തികവും സാംസ്കാരികവുമായ പ്രസ്തുത പരിപാടികളുടെ നിർവ്വണത്തിൽകൂടി 'സ്വരാജിലേക്കുള്ള ജനതയുടെ പ്രയാണത്തിന്റെ ഗതിവേഗത്തിന് ആക്കം കൂട്ടുവാനാണ് ഗാന്ധിജി ആവശ്യപ്പെട്ടത്.

രാഷ്ട്രീയമായി സ്വരാജ് എന്നാൽ സ്വയംഭരണം എന്നാണ് അർത്ഥമാക്കുന്നത്, അല്ലാതെ നല്ല ഭരണം എന്നല്ല. നല്ല ഭരണം സ്വയംഭരണത്തിന് പകരമാകുന്നില്ല. സ്വയംഭരണമെന്നാൽ എല്ലാവിധ ഭരണകൂടനിയ  ന്തണങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം എന്നാണർത്ഥമാക്കുന്നത്. അതായത് പൗരസമൂഹത്തിന്റെ 'ധാർമ്മികശക്തിയിൽ അധിഷ്ഠിതമായ ജനകീയ പരമാധികാരം.' വികേന്ദ്രീകൃതവും ചെറുതുമായ ഗ്രാമീണ സമൂഹത്തിലായിരിക്കും എല്ലാവരുടേയും പങ്കാളിത്തത്തോടെ ഇത് പ്രാവർത്തികമാക്കാൻ സാധിക്കുക. ഇന്നത്തെ നമ്മുടെ വാർഡുകൾ ഭാവിയിൽ സ്വരാജ് ആശയത്തിലധിഷ്ഠിതമായി മാറുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

III

# 'സേവാഗ്രാം' – ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം

## 'സേവാഗ്രാം' ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം

| |
|---|
| ഗ്രാമസഭ/വാർഡ്സഭയുടെ ആസ്ഥാനം ഗ്രാമസഭ/വാർഡ്സഭയുടെ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന-സാംസ്ക്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേ  യിയുള്ള വികേന്ദ്രീകൃത ഭരണ സേവന കേന്ദ്രം |

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനഘടകമായ ഗ്രാമസഭയുടെ തീരുമാനങ്ങൾ കൃത്യമായും കാര്യക്ഷമമായും അർത്ഥപൂർണ്ണമായും നടപ്പിലാവണമെങ്കിൽ ഗ്രാമസഭാംഗങ്ങൾക്ക് നിരന്തരമായി സമ്മേളിച്ച് ചർച്ചചെയ്യാനുള്ള ഒരു സ്ഥിരം വേദി ഗ്രാമങ്ങളിൽ അനിവാര്യമാണ്. ഗ്രാമസഭാ തീരുമാനങ്ങളുടെ തുടർപ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കേ  സേവനങ്ങൾ തടസ്സം കൂടാതെ ജനങ്ങളിലേക്കെത്തിക്കാനും കഴിയുന്നതരത്തിലുള്ള

സ്ഥിരംവേദിയായാണ് 'സേവാഗ്രാം'- ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സാധാരണപൗരന് നാടിന്റെ വികസന-ക്ഷേമപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താനും കഴിയുന്ന പൗരാധികാരകേന്ദ്രമായി ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ മാറേ തു ്.

വികേന്ദ്രീകരണത്തിന്റെ ആദ്യനാളുകളിൽ ആവേശപൂർവ്വം ഗ്രാമസഭ/വാർഡ്സഭകളിൽ പങ്കാളികളായവർ പിന്നീട് പ്രകടമാക്കിയ വിമുഖതയ്ക്കുള്ള യഥാർത്ഥകാരണം ഗ്രാമസഭാ- തീരുമാനങ്ങളുടെ തുടർപ്രവർത്തനങ്ങളുടെ അഭാവമായിരുന്നു എന്ന തിരിച്ചറിവ് കൂടിയാണ് ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം എന്ന ആശയത്തിന് തുടക്കം കുറിച്ചത്

- ഗ്രാമസഭഅംഗ ങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ചർച്ച ചെയ്യുവാനുള്ള സ്ഥിരംവേദി
- ഗ്രാമസഭതീരുമാന ങ്ങളുടെ തുടർപ്രവർത്തനങ്ങളെ ഏറ്റെടുക്കുന്നതിനുള്ള സംവിധാനം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രം
- വാർഡിനെക്കുറിച്ചുള്ള വിവിധ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രം
- വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രം
- ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്ക്കാരിക-പാരിസ്ഥിതിക വിഷയ ചർച്ചകളുടെയും പ്രവർത്തനങ്ങളുടെയും വേദി

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

- ❖ ഗ്രാമസഭാ/വാർഡ്സഭാ അംഗങ്ങളുടെ ഒത്ത് ചേരൽ സ്ഥലമായി പ്രവർത്തിക്കുക
- ❖ ഉദ്യോഗസ്ഥരുടെ വാർഡ്തല പ്രവർത്തനങ്ങളുടെ ആസ്ഥാനമായി പ്രവർത്തിക്കുക.

- ❖ സർക്കാർ പ്രവർത്തനങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങളുടെയും വിവരങ്ങൾ നൽകുന്ന ഇൻഫർമേഷൻ സെന്റർ ആയി പ്രവർത്തിക്കുക.
- ❖ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സേവനപ്രവർത്തനങ്ങൾ ജനങ്ങൾക്ക് സഹായകരമായി വാർഡ്തലത്തിൽ ലഭ്യമാക്കുന്ന ജനസേവനകേന്ദ്രമാക്കി മാറുക.
- ❖ ആരോഗ്യ-വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായി പ്രവർത്തിക്കുക.
- ❖ സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രമായി ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ മാറ്റുക.
- ❖ വാർഡ്തലത്തിൽ വ്യത്യസ്ത മേഖലകളിൽ, കഴിവ് തെളിയിച്ച വ്യക്തികളെ പ്രോത്സാഹിപ്പിക്കാനും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുമുള്ള കേന്ദ്രമായി പ്രവർത്തിക്കുക.
- ❖ സാമൂഹിക അനാചാരങ്ങളായ സ്ത്രീധനം, ആർഭാടവിവാഹങ്ങൾ എന്നിവകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
- ❖ ശൈശവ വിവാഹം ഉൾപ്പടെയുള്ള സാമൂഹ്യവിപത്തുകളെ കണ്ടെത്തി ഇല്ലായ്മ ചെയ്യുക.
- ❖ ജീവിതനിപുണതാവിദ്യാഭ്യാസം, കൗമാരവിദ്യാഭ്യാസം എന്നിവ നൽകുന്ന കേന്ദ്രങ്ങളായും കൗൺസലിംഗ് കേന്ദ്രങ്ങളായും പ്രവർത്തിക്കുക.

**പ്രവർത്തനങ്ങൾ**

**സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തനങ്ങൾ**

- ഗ്രാമസഭ/വാർഡ്സഭയുടെ ആസ്ഥാനമായി പ്രവർത്തിക്കുക
- വാർഡ് തലത്തിൽ സാമ്പത്തിക-സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- വാർഡിനെ സംബന്ധിക്കുന്ന പ്രധാന സ്ഥിതി വിവരങ്ങൾ, ഭൂപടങ്ങൾ തയ്യാറാക്കി സൂക്ഷിക്കുക
- വാർഡ്തലത്തിൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

- ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭാ ഓഫീസായും നഗര ഭരണ സ്ഥാപനത്തിൽ വാർഡ്സഭാ ഓഫീസ് എന്ന നിലയിലും ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ പ്രവർത്തിക്കണം.
- വാർഡ് വികസനസമിതി, വാർഡ്തല ആരോഗ്യശുചിത്വ സമിതി, കർമ്മസമിതികൾ, വാർഡ്തലജാഗ്രതാസമിതി, പരിസ്ഥിതി സമിതി, കുടുംബശ്രീ ADS, സാക്ഷരതാസമിതി, MGNREGS ഏകോപനസമിതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ,തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ രൂപീകരിക്കുന്ന മറ്റ് സമിതികൾ എന്നിവയുടെ ആസ്ഥാനമായി ഗ്രാമകേന്ദ്രം /വാർഡ്കേന്ദ്രം പ്രവർത്തിക്കണം.
- വാർഡ്തല വികസന-ക്ഷേമപ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന കേന്ദ്രമായി ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ മാറണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റേയും വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്ന കേന്ദ്രങ്ങളായിരിക്കണം ഗ്രാമകേന്ദ്രങ്ങൾ.
- അയൽസഭ, ഊരുകൂട്ടങ്ങൾ, മത്സ്യസഭകൾ എന്നിവയുടെ ഏകോപന കേന്ദ്രമായി പ്രവർത്തിക്കണം
- വാർഡിലെ സ്ത്രീ, പുരുഷകൂട്ടായ്മകൾ, മുതിർന്നപൗരന്മാരുടെ കൂട്ടായ്മകൾ, യുവജന,വിദ്യാർത്ഥികൂട്ടായ്മകൾ എന്നിവയുടെ പ്രവർത്തന ഏകോപന കേന്ദ്രമായി പ്രവർത്തിക്കണം.
- ഗ്രാമസഭ/വാർഡ്സഭ തിരഞ്ഞെടുത്ത്/അംഗീകരിച്ച് ഗുണഭോക്താക്കളായ (സ്ഥിരമായി ആനുകൂല്യം ലഭിക്കുന്നവരും ഒറ്റത്തവണ ആനുകൂല്യം ലഭിക്കുന്നവരും) വാർഡിലെ വ്യക്തികളുടെ/കുടുംബങ്ങളുടെ ലിസ്റ്റുകൾ (ബി.പി.എൽ ലിസ്റ്റ്, സബ്സിഡിയിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നവരുടെ ലിസ്റ്റ്, വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ ലിസ്റ്റ്, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ ലിസ്റ്റ്, പദ്ധതിയുടെ

ഭാഗമായി ഓരോ വർഷവും വിവിധ ആനുകൂല്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് മുതലായവ) ഗ്രാമകേന്ദ്ര /വാർഡ് കേന്ദ്രത്തിൽ പ്രസിദ്ധപ്പെടുത്തേ തും ആവശ്യപ്പെടുന്നവർക്ക് പരിശോധിക്കുന്നതിനായി ലഭ്യമാക്കേ തുമാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉത്തരവുകൾ, നോട്ടീസുകൾ, വിജ്ഞാപനങ്ങൾ, വാർഡ്തല ഗുണഭോക്തൃപട്ടിക, ഗ്രാമപഞ്ചായത്ത് തീരുമാനങ്ങൾ, പൗരാവകാശരേഖ, സന്ദർശക ഡയറി എന്നിവ ഗ്രാമകേന്ദ്രത്തിൽ ലഭ്യമാക്കണം.
- വാർഡിനെ സംബന്ധിക്കുന്ന പ്രധാന സ്ഥിതിവിവരങ്ങൾ, വിവിധ ഭൂപടങ്ങൾ (രാഷ്ട്രീയ, വിഭവ, സാമൂഹ്യ, നീരൊഴുക്ക്, ഭൂവിനിയോഗം) തയ്യാറാക്കി സൂക്ഷിക്കുകയും ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.
- ഒരു ഗ്രാമസഭ വാർത്താബോർഡ് ഗ്രാമകേന്ദ്ര/വാർഡ് കേന്ദ്രത്തിൽ സ്ഥാപിക്കേ തും അതാത് സമയങ്ങളിൽ ജനങ്ങളെ അറിയിക്കേ തായ വിവരങ്ങൾ അതിൽ പ്രസിദ്ധീകരിക്കേ തുമാണ്
- വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക മേഖലകളിൽ കഴിവ് തെളിയിച്ച വാർഡിലെ വ്യക്തികളുടെ മാതൃകാ പ്രവർത്തനങ്ങൾ മറ്റുള്ളവരുമായി പങ്ക് വയ്ക്കുന്നതിനുള്ള പ്രവർത്തനം ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ സംഘടിപ്പിക്കേ താണ്.
- തദ്ദേശഭരണ സ്ഥാപനവുമായി ചേർന്ന് വാർഡ്തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ ഗ്രാമകേന്ദ്ര/വാർഡ് കേന്ദ്രത്തിൽ പ്രദർശിപ്പിക്കണം, ജനകീയപ്രവർത്തനങ്ങളുടെ ആലോചനാ-പ്രവർത്തന കേന്ദ്രമായി ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രങ്ങൾ മാറണം.
- വാർഡ്തലത്തിൽ ജനങ്ങൾക്ക് സേവനം നൽകുന്ന JHI, JPHN, ആശാവർക്കർമാർ, അങ്കണവാടി പ്രവർത്തകർ, വി.ഇ.ഒ, കൃഷി അസിസ്റ്റന്റ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ICDS സൂപ്പർ

വൈസർ, സാക്ഷരതാപ്രേരക്ക്, എസ്.സി/എസ്.റ്റി പ്രമോട്ടർ എന്നിവരുടെ വാർഡ്തല പ്രവർത്തന കേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം. വാർഡിന്റെ ചുമതലയുള്ള ഇത്തരം ഉദ്യാഗസ്ഥരുടെ പേര് വിവരങ്ങളും ഫോൺ നമ്പരും ഗ്രാമകേന്ദ്ര/ വാർഡ് കേന്ദ്രത്തിൽ പ്രദർശിപ്പിക്കുകയും അവർ വാർഡിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ 3 മാസത്തിലൊരിക്കൽ വാർഡ് വികസനസമിതിയോഗങ്ങളിൽ അവതരിപ്പിക്കുകയും വേണം.

**ഉത്തരവാദിത്തം**

(i) ഗ്രാമസഭ/വാർഡ്സഭ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ മുഖ്യചുമതല ഗ്രാമസഭ/വാർഡ്സഭ കൺവീനറായ വാർഡിനെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായത്ത് മെമ്പർ/കൗൺസിലർക്കും വസ്തുവകകളുടെ സൂക്ഷിപ്പുചുമതല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കുമായിരിക്കും.

(ii) ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗ്രാമസഭ/വാർഡ്സഭ കൺവീനറെ ആവശ്യാനുസരണം സഹായിക്കുന്നതിന് തദ്ദേശ ഭരണസ്ഥാപന ഓഫീസിലോ ഘടകസ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഭരണസമിതി നിശ്ചയിക്കേ തും സെക്രട്ടറി ഇതിനനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കേ തുമാണ്.

(iii) ഗ്രാമകേന്ദ്ര/വാർഡ് കേന്ദ്രത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് താഴെ പറയുന്ന ചുമതലകൾ ഉ ായിരിക്കേ താണ്.

- വാർഡ് വികസനസമിതി യോഗങ്ങളിൽ പങ്കെടുക്കുക
- പഞ്ചായത്തിൽ നിന്നുള്ള അറിയിപ്പുകളും നിർദ്ദേശങ്ങളും വാർഡ് വികസനസമിതി യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യുക.
- പഞ്ചായത്തിൽ നിന്നുള്ള രേഖകളും ഫോറങ്ങളും മറ്റും ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിൽ ലഭ്യമാക്കുക.

- വാർഡ് വികസനസമിതി യോഗതീരുമാനങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുക
- ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിൽ ജനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ, ഫോറങ്ങൾ മുതലായവ പഞ്ചായത്തിൽ എത്തിക്കുക
- ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്ര നടത്തിപ്പിൽ കൺവീനറെ സഹായിക്കുക

(iv) ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രവുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പുചുമതല വാർഡ് വികസന സമിതി കൺവീനർക്കായിരിക്കും.

(v) ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ പ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വാർഡ്വികസനസമിതി നിർദ്ദേശിക്കുന്ന സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തേതാണ്.

**പ്രവർത്തന സമയം**

ആഴ്ച്ചയിൽ 5 ദിവസം നിശ്ചിത സമയത്ത് (3 മണി മുതൽ 7 മണിവരെ) ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം തുറന്ന് പ്രവർത്തിക്കുകയും പ്രവർത്തന സമയത്ത് വാർഡ് വികസന സമിതി ചുമതലപ്പെടുത്തുന്ന ഒരു സന്നദ്ധ പ്രവർത്തകൻ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിൽ ഉ ായിരിക്കുകയും വേണം. അതിനാവശ്യമായ ക്രമീകരണം വാർഡ് വികസനസമിതി ചെയ്യേ താണ്.

**ഓഫീസ്**

വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ ഓഫീസിനുവേ ി ഉപയോഗിക്കേ താണ്.

- അംഗൻവാടി കെട്ടിടം
- ഹെൽത്ത് സബ് സെന്റുകൾ

- കമ്മ്യൂണിറ്റി ഹാൾ
- ഷോപ്പിംഗ് കോംപ്ലക്സിൽ ലഭ്യമാകുന്ന സ്ഥലം
- ഘടകസ്ഥാപനങ്ങളിൽ ലഭ്യമാകുന്ന സ്ഥലം
- ഒഴിഞ്ഞു കിടക്കുന്നതും ഉപയോഗയോഗ്യമായതുമായ മറ്റ് കെട്ടിടങ്ങൾ

(i) മേൽപ്പറഞ്ഞ പ്രകാരം കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാർഡിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് എത്തിപ്പെടാൻ സൗകര്യമുള്ള വാടക കെട്ടിടം ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനായി ക ത്തേ താണ്.

(ii) ഈ കെട്ടിടത്തിന്റെ വാടക തദ്ദേശസ്വയംഭരണ സ്ഥാപനതല എഞ്ചിനീയർ വാടക നിർണയ ചട്ടങ്ങൾക്ക് വിധേയമായി നിശ്ചയിക്കേ തും, അത് പ്രകാരം നിശ്ചയിച്ച പ്രകാരമുള്ള വാടക നൽകാവുന്നതുമാണ്


(iii) ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, വാർഡ് വികസന സമിതിയോഗങ്ങൾക്കുള്ള യോഗനടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000/- ക. വരെ വികസന-തനത് ഫ ിൽ നിന്നും ചെലവാക്കാവുന്നതാണ്.

(iv) മറ്റ് പ്രവർത്തനങ്ങൾക്ക് വേ ിയുള്ള ചെലവുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെയും പ്രാദേശിക വിഭവസമാഹരണത്തിലൂടെയും ക ത്തേ താണ്.

(v) കേന്ദ്രത്തിനാവശ്യമായ ഫർണിച്ചറുകൾ വികസന ഫ ാ, തനതു ഫ ാ ഉപയോഗിച്ച് വാങ്ങാവുന്നതാണ്.

(vi) 'സേവാഗ്രാം' ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ചിത്രം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര്, വാർഡിന്റെ നമ്പർ, പേര് എന്നിവ രേഖപ്പെടുത്തിയ (1.20m x 0.9m വലിപ്പമുള്ള) ബോർഡ് ഉ ായിരിക്കണം. അലുമിനിയം/മെറ്റൽഷീറ്റിൽ തയ്യാറാക്കിയ, നീലനിറത്തിലുള്ള

ബോർഡിൽ വെളുത്ത അക്ഷരങ്ങളിൽ താഴെ കൊടുത്ത മാതൃകയിലായിരിക്കണം ബോർഡ് തയ്യാറാക്കി പ്രദർശിപ്പിക്കേ ത്.



# IV

## വാർഡ് വികസന സമിതി

- ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രപ്രവർത്തനത്തിന്റെ ജനാധിപത്യവേദി
- വാർഡ്തല പ്രവർത്തനങ്ങളുടെ സംഘടനാസംവിധാനം
- വാർഡ്തല പ്രവർത്തനങ്ങളുടെ മേൽനോട്ടം, സംവിധാനം

**ഗ്രാ**മകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ഉത്തരവാദിത്തം വാർഡ്വികസന സമിതിയിൽ നിക്ഷിപ്തമാണ്. ഗ്രാമസഭ/വാർഡ്സഭകളുടെ ഉപഘടകമായ അയൽസഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഗ്രാമസഭ/വാർഡ്സഭയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന വിദഗ്ദ്ധരും ഉൾപ്പെടുന്ന വാർഡ് വികസന സമിതിയുടെ ചെയർമാൻ വാർഡിലെ ജനപ്രതിനിധി ആയിരിക്കും. ഗ്രാമകേന്ദ്രം ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടതിന്റെ ചുമതല വാർഡ് വികസന സമിതിക്കാണ്.

## രൂപീകരണം

| വാർഡ് വികസന സമിതി |
|---|
| • പരമാവധി 25 അംഗങ്ങൾ<br>• ചെയർപേഴ്സൺ - വാർഡിലെ ജനപ്രതിനിധി<br>• അയൽസഭ പ്രതിനിധികൾ<br>• എസ്.സി., എസ്.റ്റി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ-ജനസംഖ്യാനുപാതികമായ പ്രതിനിധികൾ, 5 സാങ്കേതിക വിദഗ്ദ്ധർ, മുൻജനപ്രതിനിധികൾ<br>• റസിഡൻസ് അസോസിയേഷൻ/സന്നദ്ധ സംഘടനാ പ്രതിനിധികൾ |

a) ഓരോ വാർഡിലും ബന്ധപ്പെട്ട വാർഡിലെ ജനപ്രതിനിധി ചെയർപേഴ്സണും താഴെ പറയുന്നവർ അംഗങ്ങളുമായി വാർഡ് വികസന സമിതി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണം.

മുനിസിപ്പാലിറ്റി ആക്ട് 43 വകുപ്പു പ്രകാരം വാർഡ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വാർഡ് വികസനസമിതി രൂപീകരിക്കണമെന്നില്ല

(i) വാർഡിലെ ഓരോ അയൽസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്ത്രീ, ഒരു പുരുഷൻ.

(ii) പൊതുസമ്മതരും പ്രസ്തുത വാർഡിലെ വാസികളുമായ 3 സ്ത്രീകൾ, 3 പുരുഷന്മാർ.

(iii) വാർഡിലെ എസ്.സി., എസ്.ടി., പരമ്പരാഗത മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങളിൽ നിന്ന് ജനസംഖ്യാനുപാതികമായി പ്രതിനിധികൾ.

(iv) കർഷകർ, അദ്ധ്യാപകർ, ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദ്ധർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ തുടങ്ങി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച അഞ്ച് വിദഗ്ദ്ധർ

(v) മുൻജനപ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും ഒരാൾ വീതം.

ഇവയിൽ ii, iii, iv, v വിഭാഗത്തിൽപ്പെടുന്നവരെ ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതാണ്.

b) വാർഡ്വികസന സമിതിയിലെ അംഗങ്ങളുടെ എണ്ണം പരമാവധി 25 ആയിരിക്കേണ്ടതാണ്.

c) വാർഡ് വികസന സമിതി അംഗങ്ങളിൽ നിന്ന് ഒരാളെ കൺവീനറായി വാർഡ് വികസന സമിതി ഭൂരിപക്ഷ തീരുമാനപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്.

d) തുടർച്ചയായി മൂന്നു യോഗങ്ങളിൽ പങ്കെടുക്കാത്ത അംഗങ്ങളെ സമിതിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരം നീക്കം ചെയ്ത് പകരം അംഗങ്ങളെ അതാത് അയൽസഭ/ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതാണ്. ചെയർമാൻ സ്ഥാനം ഒഴിവുവന്നാൽ സമീപ വാർഡിലെ ജനപ്രതിനിധിക്ക് ചെയർമാന്റെ ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ നൽകേണ്ടതാണ്. കൺവീനർ സ്ഥാനം ഒഴിവു വന്നാൽ മറ്റൊരാളെ കൺവീനറായി 30 ദിവസത്തിനകം സമിതി തെരഞ്ഞെടുക്കേണ്ടതാണ്. വാർഡ് വികസന സമിതിയുടെ കാലാവധി രണ്ടര വർഷം ആയിരിക്കുന്നതാണ്. വാർഡ് പുനർ നിർണ്ണയത്തിനനുസൃതമായി വാർഡ് വികസന സമിതി പുന:സംഘടിപ്പിക്കേണ്ടതാണ്.

**വാർഡ് വികസന സമിതിയുടെ പ്രവർത്തനങ്ങൾ, ചുമതലകൾ**

1. വാർഡിലെ ആവശ്യങ്ങൾ പഠിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.
2. കുടുംബ, വ്യക്തിഗത ആനുകൂല്യങ്ങൾക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്താൻ സഹായിക്കുക.

3. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകരിൽ നിന്ന് അർഹരായ ഗുണഭോക്താക്കളുടേയും കുടുംബങ്ങളുടേയും മുൻഗണനാ പട്ടിക തയ്യാറാക്കാൻ സഹായിക്കുക.
4. ഗ്രാമസഭാ/വാർഡ്സഭ യോഗ വിവരങ്ങൾ ഗ്രാമസഭാ വാർഡ് സഭാംഗങ്ങളെ അറിയിക്കുന്നതിനും പരമാവധി അംഗങ്ങളെ ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുപ്പിക്കുന്നതിനുമാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.
5. ഗ്രാമസഭ/വാർഡ്സഭായോഗങ്ങൾ ചിട്ടയായും ഫലപ്രദമായും സംഘടിപ്പിക്കുന്നതിനും മിനുട്ട്സ് തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനും സഹായിക്കുക.
6. പട്ടികവർഗ്ഗ, പട്ടികജാതി, പരമ്പരാഗത മത്സ്യതൊഴിലാളികൾ, കുട്ടികൾ, സ്ത്രീകൾ, യുവജനങ്ങൾ, മുതിർന്നപൗരന്മാർ, ഭിന്നശേഷിയുള്ളവർ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവരുടെ പ്രത്യേക ഗ്രാമസഭ/വാർഡ്സഭകൾ വിളിച്ചു ചേർക്കുന്നതിന് സഹായിക്കുക.
7. വാർഡ് പ്രദേശത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഇതര ഏജൻസികളുടേയും ആഭിമുഖ്യത്തിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, മോണിററിംഗ് നടത്തുക.
8. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക, അവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുക.
9. നിർമ്മാണ പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും വാർഡിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ഗ്രാമസഭയിൽ അവതരിപ്പിക്കുക.
10. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങളുടെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സഹായിക്കുക.
11. തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, മറ്റ് ഉപസമിതി പ്രവർത്തനങ്ങൾ എന്നിവ

നിരീക്ഷിക്കുകയും വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ സഭ/വാർഡ്സഭയിൽ അവതരിപ്പിക്കുകയും തദ്ദേശ ഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുക.

12. വാർഡ് പ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ-തണ്ണീർതടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ചുനിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിയുള്ളവർക്കും എതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
13. വാർഡ് പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും വാർഡ് വികസന സമിതി പ്രവർത്തനത്തെക്കുറിച്ചുമുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനത്തിന് നൽകുകയും ചെയ്യുക.
14. ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിക്കുക.
15. ജനങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ, പരാതികൾ പരിഹരിക്കുന്നതിന് അദാലത്തുകൾ നടത്തുക.
16. കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായത്തോടെ നിയമ സഹായ ക്ലിനിക്കുകൾ സംഘടിപ്പിക്കുക.
17. ഗ്രാമസഭ/വാർഡ്സഭയിൽ നിക്ഷിപ്തമായ മറ്റ് ചുമതലകൾ നിർവ്വഹിക്കാൻ സഹായിക്കുക.
18. വർഷത്തിൽ ഒരു ഗ്രാമസഭ ഗ്രാമോത്സവമായി സംഘടിപ്പിക്കാൻ സഹായിക്കുക. ഗ്രാമസഭ തീരുമാനങ്ങൾ ഗ്രാമകേന്ദ്രം /വാർഡ്കേന്ദ്രം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുക.

19. ഗ്രാമസഭ തീരുമാനങ്ങളുടെ നടത്തിപ്പിൽ ക്രിയാത്മകമായ ഇട പെടൽ നടത്തുക
20. വാർഡ്തല വികസന-ക്ഷേമപ്രവർത്തനങ്ങൾക്ക് കൂട്ടായനേ തൃത്വം നൽകുക
21. വാർഡിലെ പൊതുവായ വികസനപ്രവർത്തനങ്ങൾക്കും മറ്റ് സാമൂഹ്യപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക
22. ഗ്രാമസഭാംഗങ്ങൾക്കും തദ്ദേശഭരണസ്ഥാപനത്തിനും ഇടയി ലുള്ള സൗഹൃദകൂട്ടായ്മ വളർത്തുന്ന കേന്ദ്രമായി മാറി വിക സന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുക.
23. ഗ്രാമത്തിലെ പൊതുവായ പ്രശ്നങ്ങളെ സമൂഹശ്രദ്ധയിൽ കൊണ്ട് വരാനും ജനശ്രദ്ധ ആകർഷിക്കാനും വേണ്ട പ്രവർ ത്തനങ്ങൾ നടത്തുക.
24. പ്രകൃതിസംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകുന്ന ജനകീയ കൂട്ടായ്മ വളർത്തുക
25. വാർഡ്തല ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങൾ, സ്വയംതൊ ഴിൽ സംരംഭങ്ങൾ, സ്വയംസഹായസംഘങ്ങൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക
26. സർക്കാർ- സർക്കാരിതര സംഘടനകളുടെ പ്രവർത്തനങ്ങളെ ജനക്ഷേമകരമായി ഉപയോഗപ്പെടുത്തുക
27. ഗ്രാമസഭ/വാർഡ്സഭകളും പ്രദേശികഭരണകൂടങ്ങളും അംഗീ കരിച്ച ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവന ങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ചുമതല ഏറ്റെ ടുക്കുക. വിവിധ ആനുകൂല്യങ്ങളും സഹായങ്ങളും കൈപ്പറ്റി യവർ അത് യഥാവിധി പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ദുരു പയോഗം ചെയ്യുന്നില്ലെന്നും ഉറപ്പ് വരുത്തുകയും ചെയ്യുക.
28. വർഷത്തിൽ ഒരു തവണ സംഘടിപ്പിക്കുന്ന ഗ്രാമോത്സവ ത്തിൽ കലാ-സാമൂഹ്യ-സാംസ്ക്കാരിക-കാർഷിക പ്രവർത്ത നങ്ങളിൽ മികവ് തെളിയിച്ച വ്യക്തികളേയും സംഘടനക ളേയും പ്രോത്സാഹിപ്പിക്കുക.

29. സന്നദ്ധസംഘടനകളുടെ സഹായത്തോടെ വ്യത്യസ്തപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഉദാ- എൻ.എസ്.എസ് ക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകൾ, ആരോഗ്യപ്രവർത്തനങ്ങൾ, ജൈവകൃഷിരീതി, വെയ്സ്റ്റ് മാനേജ്മെന്റ് പ്രദർശനങ്ങൾ എന്നിവ.
30. വാർഡ്തലത്തിൽ കലാ-കായിക-കാർഷികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്ഥിരം സമിതികൾ രൂപവത്ക്കരിക്കുക.
31. അയൽസഭകളിലെ വിദ്യാർത്ഥി, യുവജന, സ്ത്രീ, വയോജന കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും കൃത്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
32. കൃത്യമായ ഇടവേളകളിൽ പൊതു അദാലത്ത് നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാവാത്ത കാര്യങ്ങളിൽ പ്രശ്നപരിഹാരത്തിന് വേദി സൃഷ്ടിക്കുക.

## ഏറ്റെടുക്കാവുന്ന സവിശേഷ പ്രവർത്തനങ്ങൾ

ഓരോ വാർഡ് വികസന സമിതിക്കും അതാത് വാർഡിലെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, സാഹചര്യങ്ങൾ, സാധ്യതകൾ എന്നിവ പരിഗണിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്

## പ്രാദേശിക സാമ്പത്തിക വികസനം

(i) സ്വയംപര്യാപ്ത പച്ചക്കറി വാർഡ്
(ii) സമ്പൂർണ്ണ ജൈവകൃഷി

## സാമൂഹ്യനീതി

(i) മദ്യം-ലഹരി വിമുക്ത വാർഡ്
(ii) പുകയില വിമുക്തവാർഡ്
(iii) ശുദ്ധമായ കുടിവെള്ള എല്ലാവർക്കും
(vi) ശിശുസൗഹൃദ വാർഡ്

(v) സ്ത്രീധന വിമുക്ത വാർഡ്
(vi) വ്യവഹാരരഹിത വാർഡ്

## പരിസ്ഥിതി സംരക്ഷണം

(i) പ്ലാസ്റ്റിക്ക് ക്യാരി ബാഗ് നിരോധിത വാർഡ്
(ii) മണ്ണ് - ജലസംരക്ഷണം
(iii) മരങ്ങൾ വച്ചു പിടിപ്പിക്കൽ
(vi) മാലിന്യരഹിത പൊതുസ്ഥലങ്ങൾ
(v) ശുചിത്വവാർഡ്
(vi) പ്രകൃതി/പരിസ്ഥിതി സംരക്ഷണം
(vii) പുഴ സംരക്ഷണം

## യോഗ നടപടിക്രമം

a) വാർഡ് വികസന സമിതിയോഗം മാസത്തിലൊരിക്കലും ഇടക്കുള്ള കാലയളവിൽ ആവശ്യാനുസരണവും ചെയർമാൻ വിളിച്ചു കൂട്ടേണ്ടതും യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും അജണ്ടയും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് രേഖാമൂലം യോഗതീയതിക്ക് മൂന്ന് ദിവസമെങ്കിലും മുമ്പായി അംഗങ്ങൾക്ക് നൽകി രസീതി വാങ്ങേണ്ടതും നോട്ടീസിന്റെ പകർപ്പ് ഗ്രാമകേന്ദ്രം/വാർഡ് കേന്ദ്രം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

b) വാർഡ് വികസന സമിതിയുടെ ക്വാറം അതിന്റെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കും

c) യോഗത്തിൽ ചെയർമാൻ അധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നും തത്സമയം തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം അധ്യക്ഷം വഹിക്കേണ്ടതുമാണ്.

d) ചെയർമാനുമായി കൂടിയോലോചിച്ച് കൺവീനർ അജണ്ട തയ്യാറാക്കേണ്ടതും യോഗാരംഭത്തിൽ അത് അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതുമാണ്.

e) അടിയന്തിരസ്വഭാവമുള്ള വിഷയങ്ങൾ ഹാജരായ അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ പിന്തുണയുടെ അടിസ്ഥാനത്തിൽ യോഗാരംഭത്തിന് മുമ്പ് അജണ്ടയിൽ ഉൾപ്പെടുത്താവുന്നതാണ്.

f) വാർഡ് വികസന സമിതിയുടെ ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്താൻ മിനുട്സ് പുസ്തകം ഉണ്ടായിരിക്കേണ്ടതും അവ കൺവീനറുടെ സൂക്ഷിപ്പിൽ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിൽ ആയിരിക്കേണ്ടതുമാണ്. ഒരു വോട്ടർ ആവശ്യപ്പെട്ടാൽ മിനുട്സ് പുസ്തകം വായിക്കാനായി നൽകേണ്ടതാണ്. പകർപ്പ് ആവശ്യപ്പെട്ടാൽ ഫോട്ടോകോപ്പിക്കുള്ള ചാർജ്ജ് ഈടാക്കി ഫോട്ടോകോപ്പി എടുത്ത് നൽകേണ്ടതാണ്.

g) വാർഡ് വികസന സമിതി പാസ്സാക്കുന്ന എല്ലാ തീരുമാനങ്ങളും പ്രമേയങ്ങളും കൺവീനർ യോഗം പിരിയുന്നതിനു മുമ്പ് മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹാജരായ അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതും ചെയർമാനും കൺവീനറും ഹാജരായ എല്ലാ അംഗങ്ങളും മിനുട്സ് ബുക്കിൽ ഒപ്പിടേണ്ടതുമാണ്.

h) വാർഡ് വികസന സമിതിയുടെ യോഗതീരുമാനങ്ങൾ പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്.

# V

## അയൽസഭ

- ഗ്രാമസഭ/വാർഡ്സഭയുടെ ഉപഘടകം
- അടുത്തടുത്ത് വരുന്ന 50-100 വീടുകൾ ചേർത്ത് രൂപീകരിക്കുന്നു
- പൗരഭരണത്തിന്റെ അടിസ്ഥാനഘടകം

**ഗ്രാ**മകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ വീടുകളും അംഗങ്ങളും ഉൾപ്പെടുന്നതും പ്രവർത്തനസൗകര്യത്തിന് വേണ്ടി അടുത്തടുത്ത 50-100 വീടുകളെ ചേർത്ത് രൂപീകരിക്കേണ്ടതുമായ അയൽസഭ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഗ്രാമസഭയ്ക്ക് മുന്നോടിയായി ഗ്രാമസഭ/വാർഡ്സഭകളിൽ ഉന്നയിക്കേണ്ട വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്ത് ഗൃഹപാഠം നടത്തി അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം അയൽസഭയ്ക്കുണ്ട്. ഗ്രാമസഭ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ നിന്താത ജാഗ്രത പുലർത്താനും അയൽസഭ ശ്രദ്ധിക്കണം.

## അയൽസഭ ഘടന

1. തദ്ദേശഭരണസ്ഥാപനത്തിന്റെ ഓരോ വാർഡിലും അടുത്തടുത്ത 50 മുതൽ 100 വരെ കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ രൂപീകരിക്കണം.
2. നഗരസഭകളിൽ രജിസ്റ്റർ ചെയ്ത റസിന്റ്സ് അസോസിയേഷനുകളെ അയൽസഭയായി കണക്കാക്കാവുന്നതാണ്. ഇതിൽപ്പെടാത്ത വീടുകളെ ഉൾപ്പെടുത്തി അയൽസഭ രൂപീകരിക്കേണ്ടതാണ്.
3. അയൽസഭയുടെ പ്രവർത്തനഭൂപരിധി വാർഡ് വികസന സമിതി നിർദ്ദേശിക്കുന്നതും ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ചതുമായിരിക്കണം.
4. അയൽസഭ പ്രദേശത്തെ കുടുംബങ്ങളിലെ വോട്ടർപട്ടികയിൽ പേരുള്ള മുഴുവനാളുകളും ഇതിൽ അംഗങ്ങളായിരിക്കും.
5. പതിനൊന്ന് അംഗങ്ങളുള്ള ഒരു നിർവ്വാഹക സമിതിയെ അയൽസഭയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

## അയൽസഭ പ്രവർത്തനങ്ങൾ/ചുമതലകൾ

a. തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭക്ക് നിർദ്ദേശം നൽകുക.

b. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അയൽസഭ കുടുംബങ്ങളെ അറിയിക്കുക, വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പാക്കുക.

c. അയൽസഭ കുടുംബങ്ങളിലെ മുഴുവൻ അംഗങ്ങളേയും ഗ്രാമസഭ /വാർഡ്സഭയിൽ പങ്കെടുപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

d. ഗുണഭോക്തൃസമിതികളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

e. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തിന് സഹായിക്കുക.

f. കുടുംബ, വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണന പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക.

g. പ്രദേശത്തെ വികസന പരിപാടികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും മോണിറ്ററിംഗ് നടത്തുക. വാർഡ് പ്രദേശത്തേയും കുടുംബങ്ങളേയും സംബന്ധിച്ചുള്ള സർവ്വേ, വിവരശേഖരണം എന്നിവ നടത്തുക.

h. പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യതിന്മകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക.

i. അയൽസഭ പ്രദേശത്തെ ശുചിത്വപാലന പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബങ്ങളെ ബോധവാന്മാരാക്കി ശുചിത്വപാലനം ഉറപ്പാക്കുക, ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കുക.

j. അയൽസഭയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട്, വാർഡിൽ പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഗ്രാമസഭ/വാർഡ് സഭയിൽ അവതരിപ്പിക്കുക.

k. വാർഡ് പ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ -തണ്ണീർതടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ചുനിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർപൗരന്മാർ ക്കും ഭിന്നശേഷിയുള്ളവർക്കും എതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

l. പാർശ്വവൽക്കരിക്കപ്പെടുന്നവരോ പ്രയാസമനുഭവിക്കുന്നവരോ ആയ കുടുംബാംങ്ങളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

m. അയൽസഭകളിലെ വിദ്യാഭ്യാസവും പരിജ്ഞാനവുമുള്ള അംഗങ്ങളെ ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി

സഹകരിപ്പിക്കുകയും അവരുടെ സേവനങ്ങൾ സമൂഹത്തിന് ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുക.

n. അയൽസഭയിലെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കൂട്ടായ്മകൾ സൃഷ്ടിക്കുകയും സാമൂഹ്യപ്രവർത്തനങ്ങളിൽ അവരെക്കൂടി പങ്കാളികളാക്കാനുമുള്ള ശ്രമങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.

o. അയൽസഭയിലെ ഭവനരഹിതർ, ശുചിത്വസംവിധാനങ്ങൾ കുറവുള്ളവർ, കുടിവെള്ള ലഭ്യതയില്ലാത്തവർ എന്നിവരെ പ്രത്യേകമായി കണ്ടെത്തി പരിഹാരം കാണാൻ ശ്രമിക്കുക.

p. അയൽസഭയുടെ പ്രവർത്തനം കൃത്യമായി വാർഡ് വികസനസമിതിയിൽ റിപ്പോർട്ട് ചെയ്യുക. വാർഡ് വികസനസമിതി പ്രവർത്തനങ്ങൾ അയൽസഭയിലും റിപ്പോർട്ട് ചെയ്ത് തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക

q. വർഷത്തിൽ ഒരു അയൽസഭയോഗം അതത് പ്രദേശത്തെ മുഴുവൻ കുടുംബങ്ങളെയും പങ്കെടുപ്പിക്കുന്ന സാമൂഹിക-കലാ-സാംസ്ക്കാരിക കൂട്ടായ്മയായി സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## ഏറ്റെടുക്കാവുന്ന സവിശേഷ പ്രവർത്തനങ്ങൾ

ഓരോ അയൽസഭക്കും അതാത് അയൽസഭാ പ്രദേശത്തെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, സാഹചര്യങ്ങൾ, സാധ്യതകൾ എന്നിവ പരിഗണിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്

## പ്രാദേശിക സാമ്പത്തിക വികസനം

(i) സ്വയംപര്യാപ്ത പച്ചക്കറി വാർഡ്

(ii) സമ്പൂർണ്ണ ജൈവകൃഷി

## സാമൂഹ്യനീതി

(i) മദ്യം-ലഹരി വിമുക്ത വാർഡ്

(ii) പുകയില വിമുക്തവാർഡ്

(iii) ശുദ്ധമായ കുടിവെള്ള എല്ലാവർക്കും

(iv) ശിശുസൗഹൃദ വാർഡ്
(v) സ്ത്രീധന വിമുക്ത വാർഡ്
(vi) വ്യവഹാരരഹിത വാർഡ്

## പരിസ്ഥിതി സംരക്ഷണം

(i) പ്ലാസ്റ്റിക്ക് ക്യാരി ബാഗ് നിരോധിത വാർഡ്
(ii) മണ്ണ് - ജലസംരക്ഷണം
(ii) മരങ്ങൾ വച്ചു പിടിപ്പിക്കൽ
(iv) മാലിന്യരഹിത പൊതുസ്ഥലങ്ങൾ
(v) ശുചിത്വവാർഡ്
(vi) പ്രകൃതി/പരിസ്ഥിതി സംരക്ഷണം
(vii) പുഴ സംരക്ഷണം

മേൽ പറഞ്ഞവ ഉദാഹരണങ്ങൾ മാത്രമാണ്. ഇത് പോലുള്ള പ്രവർത്തനങ്ങൾ വലിയ സംഘാടനമോ സാങ്കേതിക പ്രശ്നങ്ങളോ ഇല്ലാതെ അതാത് അയൽസഭ പ്രദേശത്ത് സംഘടിപ്പിക്കാവുന്നതാണ്. ഓരോ അയൽസഭയും ഇത്തരം ഒന്നോ രണ്ടോ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

## അയൽസഭ യോഗനടപടിക്രമങ്ങൾ

1. അയൽസഭയുടെ യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കലും ഇടക്കുള്ള കാലയളവിൽ ആവശ്യാനുസരണവും പ്രദേശത്തെ സൗകര്യപ്രദമായ സ്ഥലത്ത് ചെയർമാനുമായി കൂടിയാലോചിച്ച് കൺവീനർ വിളിച്ചുകൂട്ടേണ്ടതും യോഗത്തിന്റെ അജണ്ടയും തീയതിയും സ്ഥലവും സമയവും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് മൂന്ന് ദിവസമെങ്കിലും മുമ്പായി അംഗങ്ങളായ കുടുംബങ്ങൾക്ക് നൽകേണ്ടതുമാണ്. നോട്ടീസ് പൊതുനോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. അയൽസഭ യോഗ വിവരം വാർഡിലെ ജനപ്രതിനിധിയെ അറിയിച്ച് വിളിച്ചുചേർക്കേണ്ടതാണ്.

3. യോഗത്തിൽ ചെയർമാൻ അധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹ ത്തിന്റെ അസാന്നിദ്ധ്യത്തിൽ നിർവ്വാഹകസമിതിയിലെ തൽസമയം തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം അധ്യക്ഷം വഹിക്കേണ്ടതുമാണ്.
4. അയൽസഭ പാസ്സാക്കുന്ന എല്ലാ പ്രമേയങ്ങളും തീരുമാനങ്ങളും മിനുട്സ് ബുക്കിൽ കൺവീനറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരംഗമോ അയൽസഭ പിരിയുന്നതിന് മുമ്പായി രേഖപ്പെടുത്തേ ണ്ടതും അയൽസഭയിൽ വായിച്ചുകേൾപ്പിക്കേണ്ടതുമാണ്.മിനുട്സ് രേഖപ്പെടുത്തിയതിനുശേഷം അധ്യക്ഷനും കൺവീനറും ഹാജരാ യവരിൽ നിന്ന് കുറഞ്ഞത് 10 പേരും അതിൽ ഒപ്പിടേണ്ടതാണ്.
5. അയൽസഭയുടെ കാലാവധി രണ്ടര വർഷം ആയിരിക്കും. വാർഡ് പുനർനിർണ്ണയത്തിനനുസൃതമായി അയൽസഭയും പുന:സംഘ ടിപ്പിക്കേണ്ടതാണ്.
6. അയൽസഭയുടെ ക്വാറം അയൽസഭ അംഗങ്ങളുടെ എണ്ണത്തിന്റെ 10% ആയിരിക്കും.

## അയൽസഭ നിർവ്വാഹക സമിതി

**അയൽസഭ നിർവ്വാഹക സമിതി**

- 11 അംഗങ്ങൾ, 6 സ്ത്രീകൾ
- ഒരു ചെയർമാൻ, ഒരു കൺവീനർ
- എസ്.സി., എസ്.റ്റി, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ-ജനസംഖ്യാനുപാ തികമായ പ്രതിനിധികൾ

1. പതിനൊന്ന് അംഗങ്ങളുള്ള ഒരു നിർവ്വാഹക സമിതിയെ അയൽസ ഭയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.
2. നിർവ്വാഹകസമിതി അതിലെ ഒരംഗത്തെ ചെയർമാനായും മറ്റൊരം ഗത്തെ കൺവീനറായി തെരഞ്ഞെടുക്കണം. ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കണം. നിർവ്വാഹകസമിതിയിൽ 6 അംഗങ്ങളെങ്കിലും സ്ത്രീകളായിരിക്കണം.

3. അയൽസഭയിൽ നിന്നും ഒരു സ്ത്രീയേയും ഒരു പുരുഷനേയും വാർഡ് വികസന സമിതിയിലേക്ക് അയൽസഭാ പൊതുയോഗം തെരഞ്ഞെടുക്കേണ്ടതാണ്.
4. എസ്.സി., എസ്.ടി., മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അയൽസഭ നിർവ്വാഹക സമിതിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

**അയൽസഭനിർവ്വാഹക സമിതി ചുമതലകൾ**

1. അയൽസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. അയൽസഭ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിന് അയൽസഭയെ സഹായിക്കുക.
3. പ്രദേശത്തെ വികസന പ്രവർത്തനത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി അയൽസഭയിൽ അവതരിപ്പിക്കുക.
4. അയൽസഭ പ്രവർത്തനത്തിന്റെ വാർഷികറിപ്പോർട്ട് തയ്യാറാക്കി അയൽസഭയിൽ അവതരിപ്പിക്കുക.
5. അയൽസഭക്ക് ഒരു ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങാവുന്നതാണ്.

**അയൽസഭ നിർവാഹക സമിതിയുടെ യോഗനടപടികൾ**

1. മാസത്തിലൊരിക്കലെങ്കിലും അയൽസഭ നിർവ്വാഹക സമിതി യോഗം ചെയർമാനുമായി കൂടിയാലോചിച്ച് കൺവീനർ വിളിച്ചു ചേർക്കേണ്ടതാണ്. യോഗത്തിന്റെ അജണ്ട,സ്ഥലം, തീയ്യതി, സമയം എന്നിവ രേഖപ്പെടുത്തിയ നോട്ടീസ് മൂന്നുദിവസം മുമ്പ് അംഗങ്ങൾക്ക് നൽകേണ്ടതാണ്.
2. യോഗത്തിൽ ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ തെര ഞ്ഞെടുക്കപ്പെടുന്ന ഒരംഗമോ അധ്യക്ഷം വഹിക്കേണ്ടതാണ്.
3. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തിയ മിനുട്സ് ബുക്ക് ഉണ്ടായിരിക്കേ ണ്ടതും അവ കൺവീനറുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.

4. യോഗതീരുമാനങ്ങൾ അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതും അധ്യക്ഷനും കുറഞ്ഞത് 3 അംഗങ്ങളും മിനുട്സിൽ ഒപ്പുവെക്കേണ്ടതുമാണ്.
5. അയൽസഭ നിർവ്വാഹകസമിതിയുടെ ക്വാറം 6 ആയിരിക്കും.
6. അയൽസഭ നിർവ്വഹകസമിതിയുടെ കാലാവധി രണ്ടര വർഷമായിരിക്കും.
7. വാർഡ് പുനർനിർണ്ണയത്തിനനുസൃതമായി അയൽസഭ നിർവ്വാഹകസമിതി പുനഃസംഘടിപ്പിക്കേണ്ടതാണ്.